# CURRENT AFFAIRS FOCUS

## JAN -MAR 2025

We Edu
Study Together



For free CA mocktests scan QR Code

# ജനുവരി

- പുത്തൻ പ്രതീക്ഷകളുമായെത്തിയ **പുതുവർഷത്തെ ആദ്യം വരവേറ്റത്** - പസഫിക് ദ്വീപ് രാജ്യമായ **കിരിബാത്തി**

- **2024 -25 സന്തോഷ് ട്രോഫി** ഫുട്ബോളിൽ ജേതാക്കൾ: **പശ്ചിമബംഗാൾ**
  - ഫൈനലിൽ കേരളത്തെ 1-0ത്തിന് തോൽപ്പിച്ചു.
  - 33-ാം തവണയാണ് ബംഗാൾ സന്തോഷ് ട്രോഫി കിരീടം നേടുന്നത്.
  - സന്തോഷ് ട്രോഫിയിൽ **ഏറ്റവും കൂടുതൽ തവണ ചാമ്പ്യന്മാരായ ടീം** പശ്ചിമബംഗാൾ.

- **അന്താരാഷ്ട്ര സഹകരണവർഷം- 2025**
  - പ്രമേയം 'സഹകരണം ഒരു മെച്ചപ്പെട്ട ലോകം കെട്ടിപ്പടുക്കും'

- **അന്താരാഷ്ട്ര ക്വാണ്ടം സയൻസ് വർഷം -2025**
  - ക്വാണ്ടം മെക്കാനിക്സിൽ **വെർണർ ഹെയ്സൻബർഗിന്റെ സംഭാവനകളുടെ നൂറാംവാർഷികം** ആഘോഷിക്കുന്ന 2025, ക്വാണ്ടം ശാസ്ത്ര-സാങ്കേതിക വിദ്യയുടെ അന്താരാഷ്ട്രവർഷമായി ആചരിക്കാൻ യു.എൻ. തീരുമാനിച്ചിട്ടുണ്ട്.
  - **1932-ൽ ഭൗതികശാസ്ത്ര ത്തിനുള്ള നൊബേൽ** പ്രൈസ് നേടിയ ശാസ്ത്രജ്ഞനാണ് വെർണർ ഹെയ്സൻബർഗ്

- **ഇന്ത്യയിലെ ആദ്യത്തെ ഗ്ലാസ് പാലം** നിലവിൽ വരുന്നത്: **കന്യാകുമാരി**
  - ഈ വാസ്തുവിദ്യാ വിസ്മയം വിവേകാനന്ദ പാറ സ്മാരകവും തിരുവള്ളുവർ പ്രതിമയും എന്ന രണ്ട് പ്രധാന ലാൻഡ്മാർക്കുകളെ ബന്ധിപ്പിക്കുന്നു.

- പന ഉത്പന്നങ്ങള്ളുടെ വ്യാപാരത്തിന് **ഭിന്നശേഷിക്കാർക്ക് ബങ്കുകൾ** ഒരുക്കി നൽകുന്ന പദ്ധതി - **ഇടം പദ്ധതി**

- **2025 ലെ ഹരിവരാസനം പുരസ്കാരം** ലഭിച്ചത് - **കൈതപ്രം ദാമോദരൻ നമ്പൂതിരി**

- **രാജ്യത്ത് വിമാനങ്ങളിൽ വൈഫൈ** നൽകുന്ന ആദ്യ കമ്പനി -**എയർ ഇന്ത്യ**

- **ബ്ലിട്സ് ചെസ്സ് ചാമ്പ്യൻഷിപ്പ്** ചരിത്രത്തിൽ **ആദ്യമായി സംയുക്ത ജേതാക്കളായത് -മാഗ്നസ് കാൾസൻ, ഇയാൻ നിപ്പോം നിയഷി**

- ലോക ബ്ലിട്സ് ചെസ്സ് ചാമ്പ്യൻഷിപ്പ് **വനിതാ വിഭാഗത്തൽ വെങ്കല മെഡൽ** നേടിയത് **- ആർ വൈശാലി**

- **ഇന്ത്യയിലെ ആദ്യത്തെ ഡിസൈൻ സൂ -പുത്തൂർ** .(Thrissur)
    - 338 ഏക്കറിൽ 380 കോടി രൂപ ചെലവഴിച്ചാണ് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ രണ്ടാമത്തെ സുവോളജിക്കൽ പാർക്കു കൂടിയാണിത്

- **കേരളത്തിൽ ആദ്യമായി സ്കിൻ ബാങ്ക്** ആരംഭിക്കുന്നത് - **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ .**

- **മേജർ ധ്യാൻചന്ദ് ഖേൽ രത്ന പുരസ്കാരം** ലഭിച്ചത് -**മനുഭാകർ** (shooting) , **ഗുകേഷ്** (chess) ,ഹർമൻപ്രീത് സിംഗ് (Hockey) , **പ്രവീൺ കുമാർ** (para athletes)

- **അർജുന പുരസ്കാരം 2024** നേടിയ 32 താരങ്ങൾ
    - സജൻ പ്രകാശ് (നീന്തൽ),
    - ജ്യോതി യാരാജി (അത്‌ലറ്റിക്സ്),
    - അന്നു റാണി (അത്‌ലറ്റിക്സ്),
    - നിതു (ബോക്സിങ്),
    - സവീതി (ബോക്സിങ്),
    - വന്തിക അഗർവാൾ (ചെസ്),
    - സലിമ ടെറ്റെ (ഹോക്കി),
    - അഭിഷേക് (ഹോക്കി),
    - സഞ്ജയ് (ഹോക്കി),
    - ജർമൻപ്രീത് സിങ് (ഹോക്കി),
    - സുഖ്ജീത് സിങ് (ഹോക്കി),
    - രാകേഷ് കുമാർ (പാര- ആർച്ചറി),
    - പ്രീതിപാൽ (പാര- അത്‌ലറ്റിക്സ്),
    - ജീവൻജി ദീപ്തി (പാര- അത്‌ലറ്റിക്സ്),
    - അജിത് സിങ് (പാര- അത്‌ലറ്റിക്സ്),
    - സച്ചിൻ സർജറാവു (പാര- അത്‌ലറ്റിക്സ്),
    - ധരംബിർ (പാര- അത്‌ലറ്റിക്സ്),
    - പ്രണവ് സൂർമ (പാര- അത്‌ലറ്റിക്സ്),
    - ഹോക്കട്ടോ സെമ (പാര- അത്‌ലറ്റിക്സ്),
    - സിമ്രൻ (പാര- അത്‌ലറ്റിക്സ്),
    - നവ്ദീപ് (പാര- അത്‌ലറ്റിക്സ്),

- നിതേഷ് കുമാർ (പാര- ബാഡ്മിന്റൻ),
- തുളസിമതി മുരുകേശൻ (പാര- ബാഡ്മിന്റൻ),
- നിത്യശ്രീ സുമതി ശിവൻ (പാര- ബാഡ്മിന്റൻ),
- മനീഷ രാംദാസ് (പാര- ബാഡ്മിന്റൻ),
- കപിൽ പാർമർ (പാര- ജൂഡോ),
- മോന അഗർവാൾ (പാര- ഷൂട്ടിങ്),
- റുബിന ഫ്രാൻസിസ് (പാര- ഷൂട്ടിങ്),
- സ്വപ്നിൽ കുസാലെ (ഷൂട്ടിങ്),
- സരബ്ജോത് സിങ് (ഷൂട്ടിങ്),
- അഭയ് സിങ് (സ്ക്വാഷ്),
- അമൻ (ഗുസ്തി)

★ സ്പോർട്സിലും ഗെയിംസിലും മികച്ച പരിശീലകർക്കുള്ള **ദ്രോണാചാര്യ അവാർഡ് 2024**
- **റെഗുലർ വിഭാഗം**
  - സുഭാഷ് റാണ – പാരാ-ഷൂട്ടിംഗ്
  - ദീപാലി ദേശ്പാണ്ഡെ – ഷൂട്ടിംഗ്
  - സന്ദീപ് സാംഗ്വാൻ – ഹോക്കി
- **ആജീവനാന്ത സംഭാവനയ്ക്ക്: എസ് മുരളീധരൻ – ബാഡ്മിന്റൺ, അർമാൻഡോ ആഗ്നെലോ കൊളാക്കോ – ഫുട്ബോൾ**

★ **കുറ്റകൃത്യങ്ങളിൽ പെടുന്ന കുട്ടികളെ** നേർവഴിക്ക് നയിക്കാൻ കൊണ്ടുവന്ന **ബോധവത്കരണ പദ്ധതി**: **കാവൽ**

★ കേരളത്തിലെ സസ്യസമ്പത്തിനെ കുറിച്ച് 17-ാം നൂറ്റാണ്ടിൽ ലാറ്റിൻ ഭാഷയിൽ പ്രസിദ്ധീകരിച്ച ഹോർത്തൂസ് മലബാറിക്കൂസ് ഇംഗ്ലീഷിലേക്കും മലയാളത്തിലേക്കും വിവർത്തനം ചെയ്ത സസ്യശാസ്ത്രജ്ഞൻ **ഡോ. കെ.എസ്. മണിലാൽ** (86) അന്തരിച്ചു
- നെതർലൻഡ്സിന്റെ ഉന്നത സിവിലിയൻ പുരസ്കാരമായ **ഓഫീസർ ഓഫ് ദി ഓർഡർ ഓറഞ്ച്** പുരസ്കാരം ലഭിച്ച ആദ്യ ഏഷ്യക്കാരനാണ് കെ.എസ്. മണിലാൽ
- മണിലാൽ തയാറാക്കിയ **വ്യാഖ്യാന സഹിതമുള്ള ഹോർത്തൂസിന്റെ ഇംഗ്ലിഷ് പതിപ്പ് 2003 ലും മലയാളം പതിപ്പ് 2008 ലും കേരള സർവകലാശാല പ്രസിദ്ധീകരിച്ചു.**
- **സൈലന്റ്വാലിയെ ദേശീയോദ്യാനമാക്കി** പ്രഖ്യാപിച്ചതും മണിലാൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ്.
- കാട്ടുങ്ങൽ സുബ്രഹ്മണ്യം മണിലാൽ എന്നാണ് പൂർണ്ണനാമം

- **കേരളത്തിന്റെ പുതിയ ഗവർണർ: രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ**
- കാർഷിക സർവകലശാല അത്യുത്പാദന ശേഷിയുള്ള **സങ്കര പാവൽ ഇനങ്ങൾ: പ്രജനിയും പ്രഗതിയും**
- **63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ പ്രധാന വേദി**ക്ക് നൽകിയിരിക്കുന്ന പേര്: **എംടി, നിള**
- **ബിഹാർ ഗവർണറായി** സത്യപ്രതിജ്ഞ ചെയ്യത് -**ആരിഫ് മുഹമ്മദ് ഖാൻ**
- **2024 ൽ ഏറ്റവും കൂടുതൽ പോക്സോ കേസുകൾ** രജിസ്റ്റർ ചെയ്യത്- **തിരുവനന്തപുരം ജില്ല**
- **ജെ.സിഡാനിയേൽ ഫൗണ്ടേഷന്റെ 15-ാമത് പുരസ്കാരങ്ങൾ** പ്രഖ്യാപിച്ചു
  - മികച്ച നടൻ: **ടൊവിനോ തോമസ്** (2018-എവരിവൺ ഈസ് എ ഹീറോ)
  - മികച്ച നടി: **അഞ്ജന ജയപ്രകാശിശ്** (പാച്ചുവും അത്ഭുത വിളക്കും)
  - മികച്ച സംവിധായകൻ: **അഖിൽ സത്യൻ** (പാച്ചുവും അത്ഭുത വിളക്കും),
  - മികച്ച ചിത്രം: **2018-എവരിവൺ-ഈസ്എ ഹീറോ**
    - സംവിധാനം: ജൂഡ് ആന്റണി ജോസഫ്
- ലിസ്റ്റ് എ ക്രിക്കറ്റിൽ പുറത്താകാതെ ഏറ്റവും കൂടുതൽ റൺസ് നേടിയ താരമെന്ന ലോകറെക്കാഡ് നേടിയത്: **കരുൺ നായർ (വിദർഭ)**
- **പഠനത്തിൽ മികവ് പുലർത്തുന്ന നിർദ്ധന വിദ്യാർത്ഥികളെ** കണ്ടെത്തി **ഫൈബർ കണക്ഷൻ** നൽകുന്ന ബി.എസ്.എൻ.എല്ലിന്റെ പദ്ധതി: **വിദ്യാമിത്രം**
- പൂർണ്ണമായും ഇന്ത്യയിൽ വികസിപ്പിച്ചെടുത്ത **ഗ്യാസ് ടർബൈൻ റിസെർച്ച് ഏസ്റ്റാബ്ലിഷ്മന്റിൽ** നിർമ്മിച്ച പിൻജ്വലിക്കുന്ന ടർബോ ഫാൻ എഞ്ചിൻ - **GTRE GTX-35VS കാവേരി.**
- **ഗായകൻ പി ജയചന്ദ്രൻ** അന്തരിച്ചു
  - ജനനം**: 1944 മാർച്ച്** 3 , രവിപുരം, എറണാകുളം ജില്ല
  - **പുരസ്കാരങ്ങൾ**
    - മികച്ച ഗായകനുള്ള **ദേശീയ പുരസ്കാരം (1986)**

- മികച്ച ഗായകനുള്ള **സംസ്ഥാന പുരസ്കാരം അഞ്ച് തവണ** ലഭിച്ചു. (1972, 1978, 2000, 2004, 2015)
- മികച്ച ഗായകനുള്ള **തമിഴ്നാട് സർക്കാരിന്റെ പുരസ്കാരം (1994)**
- തമിഴ് ചലച്ചിത്ര സംഗീതത്തിന് നൽകിയ സംഭാവനകൾക്കുള്ള അംഗീകാരമെന്ന നിലയിൽ തമിഴ്നാട് സർക്കാരിന്റെ **കലൈമാമണി അവാർഡ് (1997)**
- **ജെ.സി.ഡാനിയൽ പുരസ്കാരം (2020)**
- **ആത്മകഥ - ഏകാന്തപഥികൻ ഞാൻ**

★ പൊഖ്റാൻ-1(1974), പൊഖ്റാൻ-II (1998) ആണവപരീക്ഷണങ്ങളിൽ നിർണായക പങ്കുവഹിച്ച പ്രശസ്ത ആണവ ശാസ്ത്രജ്ഞനും ക്രിസ്റ്റലോഗ്രാഫറുമായ **ഡോ.ആർ.ചിദംബരം** അന്തരിച്ചു.
  - ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ (BARC), ആണവോർജ്ജ കമ്മീഷൻ (AEC) ചെയർമാൻ, ആറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റ് (DAE) സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.
  - 1975 - പത്മശ്രീ
  - 1999 - പത്മവിഭൂഷൺ

★ ഇഞ്ചുവിറ്റി ഹെലികോപ്റ്ററിന്റെ പിൻഗാമിയായി രൂപകല്പന ചെയ്ത പുതിയ ഡ്രോണായ **മാർസ് ചോപ്പർ** അടുത്തിടെ പുറത്തിറക്കിയത്: **നാസ**

★ ലോകത്തിലെ ഏറ്റവും പ്രായംകൂടിയ വനിതയെന്ന പേരിൽ ഗിന്നസ് ബുക്കിൽ ഇടംപിടിച്ച ജാപ്പനീസ് വനിത **തൊമിക്കോ ഇതൂക്ക** (116) അന്തരിച്ചു
  - തൊമിക്കോ മരിച്ചതോടെ **ലോകത്തെ ഏറ്റവും പ്രായമേറിയ വനിത** എന്ന ബഹുമതി ഇനി ബ്രസീലിലുള്ള **ഇനാ കനാ ബറോ ലുക്കാ** എന്ന കന്യാസ്ത്രീക്കാണ്

★ **ഹിലറിക്കും മെസ്സിക്കും സോറോസിനും** യുഎസ് പരമോന്നത ബഹുമതി.
  - യുഎസിന്റെ പരമോന്നത സിവിലിയൻ ബഹുമതി: **പ്രസിഡൻഷ്യൽ മെഡൽ ഓഫ് ഫ്രീഡം**

★ **പഞ്ചായത്തുകളിലെ കെട്ടിടനിർമാണ പെർമിറ്റ് ഓൺലൈനായി** നൽകുന്ന സോഫ്റ്റ് വെയർ: **സങ്കേതം സോഫ്റ്റ് വെയർ**

★ ജനുവരി 2025 രാജിവെച്ച കാനഡ പ്രധാനമന്ത്രി: **ജസ്റ്റിൻ ട്രൂഡോ**

- കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പിനോടനുബന്ധിച്ചു നൽകുന്ന '**നിയമസഭാ അവാർഡ്**' **എം. മുകുന്ദന്.**
  - കല,സാഹിത്യം,സാംസ്കാരി കം തുടങ്ങിയ മേഖലകളിലെ സമഗ്ര സംഭാവനക്ക് നിയമസഭ നൽകുന്ന പുരസ്കാരമാണിത്.

- രക്തത്തിലെ **കൊളസ്ട്രോളും ട്രൈഗ്ലിസറൈഡും പരിശോധിക്കുന്നതിന് റാപ്പിഡ് ടെസ്റ്റിങ്** സംവിധാനമൊരുക്കിയത്: **ഐഐടി ഗുവാഹത്തി**

- **സംസ്ഥാന ബഡ്സ് സ്കൂൾ കലോത്സവം:** **'തില്ലാന'**
  - വേദി: കൊല്ലം ആശ്രാമം ശ്രീനാരയണഗുരു സാംസ്കാരിക സമുച്ചയത്തിൽ

- **ജനുവരിയിൽ "ബ്രിക്സ്' അംഗമായ രാജ്യം: ഇന്തോനീഷ്യ**
  - നിലവിൽ ഇന്തോനീഷ്യ ഉൾപ്പടെ 11 രാജ്യങ്ങൾ അംഗങ്ങളായി ഉണ്ട്.

- **കുട്ടികൾക്ക് ഉള്ള** രാജ്യത്തെ **ആദ്യ റോബോട്ടിക് ജി- ഗെയ്റ്റർ** ഉപയോഗിക്കുന്നത്- **Sree Avittam Thirunal Hospital(SAT)**

- **ഉപ്പായി മാപ്ല** എന്ന കഥാപാത്രത്തിലൂടെ പ്രശസ്തനായ കാർട്ടൂണിസ്റ്റ് എംവി **ജോർജ് കുമ്പനാട്ടെ** അന്തരിച്ചു.

- **എൺപത്തിരണ്ടാമത് ഗോൾഡൻ ഗ്ലോബ്** പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു.
  - ജാകെ്വസ് ഒടിയാർഡ് സംവിധാനം ചെയ്ത ഫ്രെഞ്ച് ചിത്രം '**എമിലിയ പെരസ്**' **മികച്ച വിദേശ ഭാഷാ ചിത്രമായി** തിരഞ്ഞെടുത്തു.
  - ദ് ബ്രൂട്ടിലിസ്റ്റിന്റെ സംവിധായകൻ **ബ്രാഡി കോർബെറ്റ്** ആണ് **മികച്ച സംവിധായകൻ.**
  - മികച്ച വിദേശ ഭാഷാ ചിത്രം, **മികച്ച നടി (കർള സോഫിയ ഗാസ്കോൺ**), മികച്ച സ്വഭാവനടി (സോ സൽദാന, സലീന ഗോമസ്) അടക്കം നാല് അവാർഡുകൾ 'എമിലിയ പെരസ്'

- **2024-25 ലെ ഇന്ത്യയുടെ ജിഡിപി വളർച്ച 6.4**

- **കൊഡാലിയ നദി തർക്കം** ഏതൊക്കെ രാജ്യങ്ങൾ തമ്മിലുള്ളതാണ്: **ഇന്ത്യ-ബംഗ്ലാദേശ്**

- **അത്ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യ**യുടെ പുതിയ **പ്രസിഡന്റായി നിയമിച്ചത്: ബഹദൂർ സിംഗ് സാഗൂവ്**

  - മുൻ ഷോട്ട്പുട്ട് സ്വർണമെഡൽ ജേതാവും ഒളിമ്പ്യനുമാണ്.

★ **തദ്ദേശസ്വയംഭരണ പരിഷ്കരണ കമ്മീഷനായി** നിയമിച്ചത് - **ബി അശോക്**

★ **പ്രവാസി ഭാരതീയ ദിവസ് - ജനുവരി 9**
  - 18-ാമത് പ്രവാസി ഭാരതീയ ദിവസ് **വേദി-ഒഡിഷയിലെ ഭുവനേശ്വറിൽ**

★ **'ലോകത്തിലെ ആദ്യത്തെ' AI- പവർഡ് ഡീപ്ഫേക്ക് ഡിറ്റക്ടർ പുറത്തിറക്കിയത് -McAfee**

★ **63ആമത് സ്കൂൾ കലോത്സവ ജേതാക്കൾ: തൃശൂർ (1008 points)**
  - രണ്ടാം സ്ഥാനം : പാലക്കാട് (1007)
  - മൂന്ന് കണ്ണൂർ (1003)
  - **വേദി : തിരുവനന്തപുരം**

★ 17-മത് **ബഷീർ പുരസ്കാരം** : **പിഎൻ ഗോപീകൃഷ്ണന്.**
  - **'കവിത മാംസഭോജിയാണ്'** എന്ന സമാഹാരത്തിനാണ് പുരസ്കാരം

★ ജാപ്പനീസ് ബഹിരാകാശ ഏജൻസിയും ക്യോട്ടോ സർവകലാശാലയും ചേർന്ന് ഭ്രമണപഥത്തിൽ എത്തിച്ച **ലോകത്തിലെ ആദ്യത്തെ തടി ഉപഗ്രഹം- ലിഗ്നോസാറ്റ്**

★ **ദേശീയതലത്തിൽ ജനിതകഡേറ്റബേസ്** തയാറാക്കാനായി ആരംഭിച്ച പദ്ധതി: **'ജീനോം ഇന്ത്യ' പദ്ധതി**

★ **ലബനന്റെ** പുതിയ **പ്രസിഡന്റ്: ജോസഫ് ഔൻ**

★ അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ **അത്‌ലീറ്റ്സ് കമ്മിഷൻ അധ്യക്ഷ: ഒളിംപ്യൻ അഞ്ജു ബോബി ജോർജ്**

★ **പ്രഥമ ഖോ ഖോ ലോകകപ്പിന്റെ വേദി: ഇന്ത്യ(ന്യൂഡൽഹി)**
  - ഇന്ത്യൻ ഖോ ഖോ ടീമിലെ **ഏക മലയാളി താരം: നിഖിൽ.**

★ ന്യൂസിലാൻഡ് ക്രിക്കറ്റർ **മാർട്ടിൻ ഗപ്റ്റിൽ** അന്താരാഷ്ട്രക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു

- **ഏകദിനത്തിലെ ഏറ്റവും ഉയർന്ന രണ്ടാമത്തെ വ്യക്തിഗത സ്കോറിന് ഉടമ**യാണ് മാർട്ടിൻ ഗപ്പ്ടിൽ (237*)

★ **ഡബ്ളിയു.സി.എം** പദവിയിലെത്തുന്ന **ഏറ്റവും പ്രായംകുറഞ്ഞ മലയാളി ചെസ് താരമായി: ദിവി ബിജേഷ്**

- 9-ാം വയസിൽ ദിവി വിമൻ കാൻഡിഡേറ്റ്സ് മാസ്റ്റർ

★ **ലോകത്തെ ഏറ്റവും ശക്തമായ പാസ്പോർട്ടുകളുടെ പട്ടികയിൽ വീണ്ടും ഒന്നാം സ്ഥാനം**: **സിംഗപ്പൂർ.**

- സിംഗപ്പൂർ പാസ്പോർട്ട് ഉടമകൾക്ക് ആഗോളതലത്തിൽ 195 ഇടങ്ങളിൽ വിസയില്ലാതെ പ്രവേശിക്കാം.
- 193 ഇടങ്ങളിൽ വിസാ രഹിതപ്രവേശനമുള്ള **ജപ്പാനാണ് രണ്ടാമത്**
- **ഫ്രാൻസ്, ജർമ്മനി, ഇറ്റലി,സ്പെയിൻ, ദക്ഷിണകൊറിയ, ഫിൻലൻഡ് എന്നീ രാജ്യങ്ങളാണ് മൂന്നാം സ്ഥാനത്ത്.**
- പട്ടികയിൽ **85 -ാം സ്ഥാനത്താണ് ഇന്ത്യ**.
  - 57 ഇടങ്ങളിലേക്ക് ഇന്ത്യൻ പാസ്പോർട്ടിന് വിസയില്ലാതെ പ്രവേശിക്കാം.

★ **ട്രാക്ക് ആൻഡ് ഫീൽഡ് ന്യൂസ് പുരസ്കാരം: നീരജ് ചോപ്ര** മികച്ച ജാവലിൻ താരം

★ എഴുപതാമത് **നെഹ്റുട്രോഫി പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ് (പി.ബി.സി) തുഴഞ്ഞ കാരിച്ചാൽ ചുണ്ടൻ ജേതാക്കളായി**

- ജലോത്സവത്തിൽ ഇഞ്ചോടിഞ്ച് പോരടിച്ച കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബ് തുഴഞ്ഞ വീയപുരം ചുണ്ടനെ 0.5 മൈക്രോ സെക്കൻഡുകൾക്ക് പിന്തള്ളിയാണ് കാരിച്ചാൽ ചുണ്ടന്റെ വിജയം
- (പള്ളാത്തുരുത്തി ബോട്ട് ക്ലബ്ബ് )പി.ബി.സിയുടെ തുടർച്ചയായ അഞ്ചാം വിജയമാണിത്.
- പതിനാറാം തവണയാണ് കാരിച്ചാൽ നെഹ്റുട്രോഫി ജേതാക്കളാകുന്നത്.

★ കേരള ഇൻഫ്രാ സ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ **(കൈറ്റ്) സ്കൂളുകൾക്കായി സജ്ജമാക്കിയ മൊബൈൽ ആപ്**: **'സമ്പൂർണ പ്ലസ്'**

★ **ശുചീകരണ തൊഴിലാളികളുടെ സുരക്ഷ** ഉറപ്പാക്കുന്നതിനുള്ള പദ്ധതി : **നമസ്തേ പദ്ധതി**

- **ക്രൊയേഷ്യയുടെ പ്രസിഡന്റായി** തിരഞ്ഞെടുക്കപ്പെട്ടത് - **സോറൻ മിലനോവിച്ച്**
- **ചൂതാട്ടവും കാസിനോകളും നിയമവിധേയമാക്കാനുള്ള കരട് ബില്ലിന് അംഗീകാരം** നൽകിയ രാജ്യം: **തായ്ലാൻഡ്**
- **ലെബനീസ് പ്രധാനമന്ത്രി : നവാഫ്സലാം**
  - ഹേഗ് ആസ്ഥാനമായുള്ള **അന്താരാഷ്ട്രനീതിന്യായ കോടതിയിലെ നിലവിലെ അദ്ധ്യക്ഷനാണ്**
- **രാജ്യത്തെ ഏറ്റവും വലിയ വെങ്കല ശിവശില്പം: കണ്ണൂർ തളിപ്പറമ്പ് ശ്രീ രാജരാജേശ്വര ക്ഷേത്ര**ത്തിൽ സജ്ജമായി.
- **ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ: ഡോ. സിസാ തോമസ്**
- **അടിയന്തരാവസ്ഥക്കാലത്ത് ജയിൽവാസം അനുഭവിച്ചവർക്കു പ്രതിമാസം 20,000 പെൻഷനും മറ്റാനുകൂല്യങ്ങളും** നൽകാൻ തീരുമാനിച്ച സംസ്ഥാനം: **ഒഡിഷ**
- **ഡിജിറ്റൽ സർവേ പൂർത്തിയാക്കിയ രാജ്യത്തെ ആദ്യ ഗ്രാമം: ഉജാർ ഉളുവാർ**
  - എല്ലാ ഭൂസേവനങ്ങളും വിരൽ ത്തുമ്പിൽ കിട്ടുന്ന രാജ്യത്തെ ആദ്യ വില്ലേജായി കുമ്പള പഞ്ചായത്തിലെ ഉജാർ ഉളുവാർ.
- **ഡോ. വി.നാരായണൻ ഐ.എസ്.ആർ.ഒ.യുടെ പുതിയ ചെയർമാൻ**
  - നിലവിൽ തിരുവനന്തപുരം, വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ ഡയറക്ടറാണ്. വി.നാരായണൻ
  - രണ്ടുവർഷത്തേക്കാണ് നിയമനം.
  - തമിഴ്നാട് നാഗർ കോവിൽ സ്വദേശിയാണ്.
  - ഡോ. എസ്. സോമനാഥ് സ്ഥാനമൊഴിയുന്ന ഒഴിവിലേക്ക് ആണ്.
  - ജി.എസ്.എൽ.വി. മാർക്ക് മൂന്നിന്റെ സി25 ക്രയോജനിക് പ്രോജക്ട് ഡയറക്ടറായിരുന്നു വി.നാരായണൻ
- **സ്ത്രീകൾക്ക് സ്വന്തം താമസസ്ഥലത്തു നിന്നുതന്നെ ഓൺലൈനായി കൗൺസലിങ്, നിയമസഹായം, പൊലീസ് സഹായം** എന്നിവ യഥാസമയം ഉറപ്പാക്കുന്നതിനായി വനിത ശിശുവികസന വകുപ്പ് ആരംഭിച്ച പദ്ധതി: **കാതോർത്ത് പദ്ധതി**

- **വീടുകളിൽ അതിക്രമത്തിന് ഇരയാകുന്നവരുടെ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം ഉറപ്പുവരുത്താൻ കുടുംബശ്രീ** ഒരുക്കിയിട്ടുള്ള ഹെൽപ്പ് ഡെസ്ക്: **സ്നേഹിത**

- **ഏറ്റവും കൂടുതൽ ഗ്രാൻസ്ലാം മത്സരങ്ങൾ കളിച്ചതിനുള്ള** ലോക റെക്കോർഡിന് ഉടമ: **ജോക്കോവിച്ച് (430)**

- 2025 ജനുവരിയിൽ ഇന്ത്യയിൽ സന്ദർശനത്തിന് എത്തിയ **സിംഗപ്പൂർ പ്രസിഡന്റ്: തർമൻ ഷൺമുഖരത്ന**

- ഇന്ത്യയിൽ നിർമിച്ച 3 **യുദ്ധക്കപ്പലുകൾ** ആദ്യമായാണ് ഒരുമിച്ചു കമ്മിഷൻ ചെയ്യുന്നത്.
  - **ഐഎൻഎസ് നീലഗിരി, ഐഎൻഎസ് സൂറത്ത് ,ഐഎൻഎസ് വാഗ്ഷീർ**
  - മൂന്നും നിർമിച്ചത് മുംബൈയിലെ **മസ്ഗാവ് ഡോക്കിലാണ്.**
  - **ലോകത്തെ ഏറ്റവും വലിയ മിസൈൽ വേധ കപ്പൽ: ഐ.എൻ.എസ്. സൂറത്ത്**

- കേരള കലാമണ്ഡലത്തിന്റെ ചരിത്രത്തിലെ ആദ്യ മലയാളി നൃത്താധ്യാപകൻ: **ഡോ. ആർ.എൽ.വി.രാമകൃഷ്ണൻ**

- **സ്പെയ്സ്ഡോക്കിംഗ് എക്സ്പെരിമെന്റ്( സ്പേഡക്സ്**) ദൗത്യം വിജയം.
  - ബഹിരാകാശത്ത് ഭൂമിയെ വലം വച്ചുകൊണ്ടിരിക്കുന്ന രണ്ട് ഉപഗ്രഹങ്ങളെ പരസ്പരം കൂട്ടിയോജിപ്പിച്ച് ഐ.എസ്.ആർ.ഒ ചരിത്രം കുറിച്ചു
  - ഈ **നേട്ടം കൈവരിക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ,**
  - അമേരിക്ക, റഷ്യ, ചൈന എന്നിവയാണ് മറ്റു രാജ്യങ്ങൾ
  - 2024 ഡിസംബർ 30: ഡോക്കിംഗിനായി ഇരട്ട ഉപഗ്ര ഹങ്ങളുടെ വിക്ഷേപണം
  - 2025 ജനുവരി16: ഡോക്കിംഗ് വിജയകരമായി പൂർത്തിയാക്കി

- ഗുരുവായൂരപ്പൻ ട്രസ്റ്റിന്റെ **2024ലെ ഓടക്കുഴൽ പുരസ്കാരം** (30,000 രൂപ) **കെ.അരവിന്ദാക്ഷന്റെ 'ഗോപ'** എന്ന നോവലിന്.

- **നിനക്ക് ഞാൻ എന്റെ നിശ്ശബ്ദത സമർപ്പിക്കുന്നു**' എന്നു പേരിട്ടിരിക്കുന്നത് ആരുടെ അവസാനത്തെ നോവലാണ്: **- മാരിയോ വർഗാസ് യോസ**

- **കൈകളുടെ സ്വാധീനം നഷ്ടപ്പെട്ടവരെ പിടിച്ചു നടത്താൻ** 'ഐഐടി മദ്രാസ്, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് എന്നിവിടങ്ങളിലെ ഗവേഷകർ വികസിപ്പിച്ച **പോർട്ടബിൾ റോബോട്ട്: പ്ലൂട്ടോ' (പ്ലഗ് ആൻഡ് ട്രെയിൻ റോബോട്ട്).**

- **ഓൺലൈൻ തട്ടിപ്പ് കോളുകൾ ജനങ്ങൾക്ക് റിപ്പോർട്ട്** ചെയ്യാൻ കഴിയുന്ന പോർട്ടൽ: **'സഞ്ചാർ സാഥി' പോർട്ടൽ**

- **കേന്ദ്രത്തിന്റെ എഐ അധിഷ്ഠിത വ്യാജ സിം കാർഡ് വേട്ട: ('അസ്ത്ര്'-ASTR)**

- **അണ്ടർ 19 വനിതാ ലോകകപ്പിന്റെ** രണ്ടാം പതിപ്പിന് **വേദി: മലേഷ്യ**

- **വിജയ് ഹസാരെ ദേശീയ ഏകദിന ക്രിക്കറ്റ് ടൂർണമെന്റിൽ ചാംപ്യൻമാർ: കർണാടക**
  - വിദർഭയെ 36 റൺസിനു തോൽപിച്ചാണ് കർണാടകയുടെ കിരീട നേട്ടം.

- സമൂഹത്തിലെ കുഷ്ഠരോഗബാധിതരെ കണ്ടെത്തി ചികിത്സയ്ക്കു വിധേയമാക്കി രോഗനിർമാർജനത്തിനുള്ള **കുഷ്ഠരോഗനിർണയ കാമ്പെയിൻ : അശ്വമേധം**

- **ദ ന്യൂ ഐക്കൺ** എന്ന പുസ്തകം എഴുതിയത്: **അരുൺ ഷൂരി**

- **പ്രഥമ ഖോഖോ ലോകകപ്പിൽ** ചരിത്രമെഴുതി **ഇന്ത്യൻ പുരുഷ വനിതാ ടീമുകൾ.**
  - ഫൈനലിൽ ഇരുടീമുകളും നേപ്പാളിനെ പരാജയപ്പെടുത്തി കിരീടമണിഞ്ഞു. 54-36 നാണ് പുരുഷ ടീമിന്റെ വിജയമെങ്കിൽ 78-40 എന്ന സ്കോറിനാണ് വനിതാ ടീമിന്റെ വിജയം.

- **കേരളത്തിൽ വധശിക്ഷ ലഭിക്കുന്ന ഏറ്റവും പ്രായംകുറഞ്ഞ സ്ത്രീ: ഗ്രീഷ്മ. (24)**
  - **സംസ്ഥാനത്ത് വധശിക്ഷ കിട്ടുന്ന മൂന്നാമത്തെ സ്ത്രീയാണ്.**

- **തിരിച്ചെത്തിയ പ്രവാസികൾക്ക് സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കാൻ** നോർക്ക ആവിഷ്കരിച്ച പദ്ധതി: **'നെയിം'** (നോർക്ക അസിസ്റ്റഡ് ആൻഡ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ്)

- രാജ്യാന്തര ഒളിംപിക് കമ്മിറ്റി (**ഐഒസി) പ്രസിഡന്റ്: തോമസ് ബാക്ക്**

- രാജ്യാന്തര ക്രിക്കറ്റ് കൗൺസിൽ (**ഐസിസി) ചെയർമാൻ**: **ജയ് ഷാ.**

- **2028 ഒളിംപിക്സിന്റെ വേദി: ലൊസാഞ്ചലസ്**

- സാഹസിക കായികനേട്ടങ്ങൾക്ക് ഇന്ത്യ നൽകുന്ന ഉയർന്ന പുരസ്കാരമായ **ടെൻസിങ് നോർഗേ പുരസ്കാരം** കരസ്ഥമാക്കിയത്: **ജിതിൻ വിജയൻ**
  - **സ്കൈ ഡൈവിങ്ങി**ലെ റെക്കോഡുകളാണ് ജിതിനെ പുരസ്കാരത്തിന് അർഹനാക്കിയത്.
  - കോഴിക്കോട് ബാലുശ്ശേരി സ്വദേശിയാണ് ജിതിൻ വിജയൻ

- ഡിജിറ്റൽ നയം 2025-27 പ്രഖ്യാപിച്ച് **ലോകത്തെ ആദ്യ സമ്പൂർണ നിർമിതബുദ്ധി (എ.ഐ.) അധിഷ്ഠിത ഭരണകൂടമാകാൻ ഒരുങ്ങുന്നത്: അബുദാബി.**

- **ആദായനികുതി കുടിശിക ഒത്തുതീർപ്പു പദ്ധതി -വിവാദ് സെ വിശ്വാസ്'**

- **ഇൻസ്റ്റഗ്രാം** അവതരിപ്പിക്കുന്ന പുത്തൻ പുതിയ **വീഡിയോ എഡിറ്റിങ് അപ്ലിക്കേഷനാണ്: എഡിറ്റ്സ്**
  - ഇൻസ്റ്റാഗ്രാം മേധാവി : ആദം മൊസെരി

- **വീട്ടിലെ ഇലക്ട്രിക്കൽ, പ്ലമിങ് ജോലികൾ മുതൽ രോഗീപരിചരണത്തിനും പ്രസവ ശുശ്രൂഷയ്ക്കും വരെ പരിശീലനം സിദ്ധിച്ച സ്ത്രീകളെ ലഭ്യമാക്കുന്നതിനായി** സഹകരണ വകുപ്പ് പുറത്തിറക്കിയ മൊബൈൽ ആപ്പ് : **സഖി**

- **തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക കുറ്റകൃത്യങ്ങൾ തടയുന്ന നിയമം: പോഷ് 'നിയമം**

- 2025: ജനുവരി 29ശ്രീഹരിക്കോട്ടയിൽ നിന്നുള്ള **100-ാം വിക്ഷേപണം** -
  - ഗതിനിർണയ ഉപഗ്രഹം '**എൻവിഎസ്-02**' ഭ്രമണപഥത്തിലെത്തി. **ജിഎസ്എൽവി- എഫ്15 റോക്കറ്റിൽ** ശ്രീഹരിക്കോട്ട സതീഷ് ധവാൻ സ്പേസ് സെന്ററിലെ രണ്ടാം വിക്ഷേപണത്തറയിൽനിന്നായിരുന്നു വിക്ഷേപണം.
  - അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻസ് സെന്റർ വികസിപ്പിച്ച **റൂബിഡിയം ആറ്റമിക് ക്ലോക്കും** ഉപഗ്രഹത്തിലുണ്ട്.

- **വാട്സാപ്പിലൂടെ സർക്കാർ സേവനങ്ങൾ** നൽകുന്ന പദ്ധതിക്ക് തുടക്കം കുറിക്കുന്ന സംസ്ഥാനം: **ആന്ധ്രപ്രദേശ്**

- **സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങളും മറ്റും ഏകീകൃത ബ്രാൻഡിൽ വിൽപനയ്ക്ക്** എത്തിക്കുന്നതിനായി സഹകരണ വകുപ്പ് ആരംഭിക്കുന്ന മൊബൈൽ ആപ്: **"അങ്ങാടി'**

- **ഭോഗാലി ബിഹു** അല്ലെങ്കിൽ **മാഗ് ബിഹു** ആഘോഷിക്കുന്ന സംസ്ഥാനം: **അസം**

- **ലോഹ്രി നാടോടി ഉത്സവം** ആഘോഷിക്കുന്ന സംസ്ഥാനം- **പഞ്ചാബ്**

- അമേരിക്കൻ ബഹിരാകാശ ഏജൻസിയാ **നാസയുടെ ഇടക്കാല മേധാവിയായി നിയമിച്ചത് : -ജാനറ്റ് പെട്രോയേ .**
  - 1958ൽ സ്ഥാപിതമായ നാസയുടെ ഭരണച്ചുമതല **വനിത**യ്ക്കു **ലഭിക്കുന്നത് ഇതാദ്യമാണ്.**

- 2025 ജനുവരിയിൽ **എവോയ്ൻ ചുഴലിക്കാറ്റ്** ആഞ്ഞടിച്ചത്: **അയർലൻഡ്**

- സംസ്ഥാനങ്ങളുടെ സാമ്പത്തികനില വിലയിരുത്താനായി **നീതി ആയോഗ്** പുറത്തിറക്കിയ **പ്രഥമ സാമ്പത്തികഭദ്രത സൂചികയിൽ കേരളത്തിന്റെ സ്ഥാനം: 15-ാമത്**
  - ഒഡീഷ,ഛത്തീസ്ഗഡ്, ഗോവ, ജാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളാണ് പട്ടികയിൽ ആദ്യ സ്ഥാനങ്ങളിൽ

- **പാലക്കാട് ചുരത്തിന്റെ ഹരിതവത്കരണത്തിനായുള്ള** പദ്ധതി: **'ഗ്രീൻ ദി ഗ്യാപ്' പദ്ധതി**

- **ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള റെയിൽവേ പാലം: ജമ്മു കശ്മീരിലെ ചെനാബ് ബ്രിഡ്ജ്**

- **ഓസ്ട്രേലിയൻ ഓപ്പൺ വനിതാ സിംഗിൾസ് കിരീടം** നേടിയത് : അമേരിക്കയുടെ **മാഡിസൺ കീസിന്**
  - ലോക ഒന്നാം നമ്പർ താരം സബലെങ്കയെ അട്ടിമറിച്ചു
  - മാഡിസൺ കീസിന്റെ കന്നിക്കിരീടമാണ് ഇത്

- ചെറിയ അഭിപ്രായവ്യത്യാസങ്ങളുടെയും കൊച്ചു പിണക്കങ്ങളുടെയും പേരിൽ **കുടുംബബന്ധങ്ങളിലും ലിവിങ് ടുഗതറിലുമൊക്കെയുണ്ടാകുന്ന വിള്ളലുകൾ പറഞ്ഞ് തീർക്കാനായി** കേരള ലീഗൽ സർവീസ് അതോറിറ്റി രൂപ നൽകിയ പദ്ധതി: **ഹാർമണി ഹബ്ബ് പദ്ധതി**

- **76 ആം റിപ്പബ്ലിക് ദിനാഘോഷത്തിലെ മുഖ്യ അതിഥിയായി എത്തിയത്: ഇൻഡോനേഷ്യൻ പ്രസിഡന്റ് പ്രഭവ് സുബിയാന്തോ**

- **പത്മപുരസ്കാരങ്ങൾ 2025**
  - 7 പേർ പത്മ വിഭൂഷൺ പുരസ്കാരത്തിന് അർഹരായി.
  - **പത്മ വിഭൂഷൺ** ജേതാക്കൾ
    - **എം.ടി. വാസുദേവൻ നായർ** (സാഹിത്യം, മരണാനന്തര ബഹുമതി)
    - **ശാരദ സിൻഹ** (ഫോക്ക് ഗായിക, മരണാനന്തര ബഹുമതി)
    - **ഒസാമു സുസുക്കി** (ജപ്പാനിലെ സുസുക്കി മോട്ടോഴ്സ് കോർപ്പറേഷൻ മുൻചെയർമാൻ, മരണാനന്തര ബഹുമതി)
    - **ദുവ്വൂർ നാഗേശ്വർ റെഡ്ഡി** (വൈദ്യശാസ്ത്രം)
    - **ജസ്റ്റിസ് (റിട്ട.) ജഗദീഷ് സിംഗ് ഖെഹാർ** (നിയമജ്ഞൻ)
    - **കുമുദിനി രജനികാന്ത് ലഖിയ** (കഥക് നർത്തകി)
    - **ലക്ഷ്മിനാരായണ സുബ്രഹ്മണ്യം**(വയലിൻ വാദകൻ)
  - 19 പേർ പത്മഭൂഷൺ പുരസ്കാരത്തിന് അർഹരായി.
  - **പത്മ ഭൂഷൺ ജേതാക്കൾ** (മലയാളികൾ )
    - **പി.ആർ.ശ്രീജേഷ്** (മുൻ ഇന്ത്യൻ ഹോക്കി താരം)
    - **ഡോ.ജോസ് ചാക്കോ പെരിയപുറം** (ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ)
  - 113 പേർ പത്മശ്രീ പുരസ്കാരത്തിന് അർഹരായി.
  - **പത്മശ്രീ ജേതാക്കൾ**(മലയാളികൾ )
    - **ഐ.എം. വിജയൻ** (മുൻ ഇന്ത്യൻ ഫുട്ബോൾ താരം)
    - **കെ. ഓമനക്കുട്ടി** (സംഗീതജ്ഞ)

- രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ **(ഐസിസി) 2024ലെ മികച്ച ടെസ്റ്റ് ക്രിക്കറ്റ റായി ഇന്ത്യയുടെ ജസ്പ്രീത് ബുമ്ര** തിരഞ്ഞെടുക്കപ്പെട്ടു.
  - 2018ൽ വിരാട് കോലിക്കു ശേഷം മികച്ച ടെസ്റ്റ് ക്രിക്കറ്ററായി തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ ഇന്ത്യൻ താരമാണ് ജസ്പ്രീത് ബുമ്ര
  - ഇന്ത്യൻ താരം **സ്മൃതി മന്ഥനയാണ് 2024ലെ മികച്ച വനിതാ ഏകദിന ക്രിക്കറ്റർ.**

- **ഓസ്ട്രേലിയൻ ഓപ്പൺ ടെന്നിസ് പുരുഷ സിംഗിൾസിൽ** വിന്നറായി ഇറ്റാലിയൻതാരം **യാനിക്ക് സിന്നർ.**

- ഫൈനലിൽ ജർമ്മൻ താരം അലക്സാണ്ടർസ്വരേവിനെ-നേരിട്ടുള്ള-സെറ്റുകൾക്ക്കീഴടക്കിയാണ് സിന്നർ കിരീടം നിലനിറുത്തിയത്.
- 23കാരനായ സിന്നറുടെ കരിയറിലെ മൂന്നാമത്തെ ഗ്രാൻസ്ലാം കിരീടവും രണ്ടാമത്തെ ഓസ്ട്രേലിയൻ ഓപ്പണുമാണിത്.

★ **സ്കൂൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കാൻ** എക്സൈസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതി: **നേർവഴി**

★ **ചൈന പുറത്തിറക്കുന്ന എഐ മോഡൽ: ഡീപ്സീക്.**

★ **ഇന്ത്യൻ ന്യൂസ്പേപ്പർ ദിനമായി** ആചരിക്കുന്നത്: **ജനുവരി 29**

★ മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്തതോ അവർക്ക് സംരക്ഷിക്കാനാവാത്തതോ മറ്റ് കാരണങ്ങളാലോ കുടുംബത്തോടൊപ്പം കഴിയാനാവാത്ത കുട്ടികളെ സുരക്ഷിത കരങ്ങളിൽ ഏൽപ്പിക്കുന്ന പദ്ധതി: **ഫോസ്റ്റർ കെയർ പദ്ധതി**

★ **ദേശീയ മഞ്ഞൾ ബോർഡിന്റെ ആസ്ഥാനം :നിസാമാബാദിൽ**
- ദേശീയ മഞ്ഞൾ ബോർഡിന്റെ **ആദ്യ ചെയർപേഴ്സൺ: പല്ലെ ഗംഗാ റെഡ്ഡി**
- **ലോകത്തിലെ ഏറ്റവും വലിയ മഞ്ഞൾ ഉത്പാദകനും ഉപഭോക്താവും കയറ്റുമതിക്കാരനുമാണ് ഇന്ത്യ**
- കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി :ശ്രീ പിയൂഷ് ഗോയൽ

★ **വനിത ഏകദിന ക്രിക്കറ്റിലെ ഇന്ത്യയുടെ ഇതുവരെയുള്ള ഏറ്റവും വലിയ സ്കോർ -435/5**
- മത്സരം അയർലാൻഡിന് എതിരെ

★ **ജെഫ് ബെസോസിന്റെ ബ്ലൂ ഒറിജിൻ കമ്പനി** നിർമിച്ച **റോക്കറ്റ്**: **"ന്യൂ ഗ്ലെൻ "**

★ **മിസോറാമിന്റെ** 25-ാമത് **ഗവർണറായി** സത്യപ്രതിജ്ഞ ചെയ്തത്: മുൻ കരസേനാ മേധാവി **വി.കെ.സിംഗ്**

★ രാജ്യാന്തര വിഷയങ്ങളിൽ ചർച്ചകൾക്കായി സർക്കാർ, ബിസിനസ്, സിവിൽ സമൂഹം എന്നിവയിൽ നിന്നുള്ള ആഗോള നേതാക്കളെ ഒരുമിച്ച് കൊണ്ടുവരുന്ന **വേൾഡ് ഇക്കണോമിക് ഫോറം** നടക്കുന്നത്: **ദാവോസ്, സ്വിറ്റ്സർലൻഡ്**

- **സിആർപിഎഫ് മേധാവി**യായി നിയമിച്ചത് - **ജിപി സിങ്**
- **38-ാമത് ദേശീയ ഗെയിംസ്** - **ഉത്തരാഖണ്ഡ്**
    - 437 കായികതാരങ്ങളും 113 ഒഫീഷ്യൽസുമാണ് കേരളത്തിനായി ഗെയിംസിൽ പങ്കെടുക്കുന്നത്. 29 കായിക ഇനങ്ങളിലാണ് കായിക താരങ്ങൾ പങ്കെടുക്കുന്നത്.
    - കേരള ടീമിന്റെ പതാക വഹിക്കുന്നത് ബാസ്കറ്റ്ബോൾ താരം **പി.എസ് ജീനയാണ്**
    - 38-ാമത് ദേശീയ ഗെയിംസിന്റെ **ഭാഗ്യചിഹ്നം-മൗളി**
- **പെൺകുട്ടികളുടെ വിവാഹ പ്രായം ഒമ്പതാക്കി കുറയ്ക്കുന്ന വിവാദ ഭേദഗതി**ക്ക് അംഗീകാരം നൽകിയത്: **ഇറാഖ് പാർലമെന്റ്**
- **ഒപ്പം ഭവന പദ്ധതി ആരംഭിച്ച യൂണിവേഴ്സിറ്റി** - **ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി (SGOU)**
    - സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരും പഠനത്തിൽ മികവു പുലർത്തുന്നവരുമായ എല്ലാ ഭവനരഹിതരായ വിദ്യാർഥികൾക്കും വീട് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.
- ശതകോടീശ്വരൻ **അംബാനി ലോകത്തിലെ ഏറ്റവും വലിയ ഡാറ്റാ സെന്റർ നിർമ്മിക്കുന്നത്: ഗുജറാത്തിലെ ജാംനഗറിൽ**
- **കൈത്തറിക്കായുള്ളായി AI ആപ്പ്: ' ഹാൻഡ്ലൂം ജാലകം ' ആപ്പ്**
- **പ്രാദേശിക തലത്തിൽ സഹകരണ സംഘങ്ങൾ തയ്യാറാക്കുന്ന പദ്ധതികളുടെ വിജയസാധ്യത പരിശോധന: പ്രോജക്റ്റ് ക്രഷ്**
- **മഹാത്മാഗാന്ധിയുടെ 77ാം രക്തസാക്ഷി ദിനം -ജനുവരി 30**
- **വേനൽക്കാലത്ത് വന്യമൃഗങ്ങൾക്ക് കാട്ടിൽ തന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കാൻ പദ്ധതി: മിഷൻ ഫുഡ് ഫോഡർ ആൻഡ് വാട്ടർ**

# ഫെബ്രുവരി

- **ടി-20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ റൺസ് നേടിയ ഇന്ത്യൻ വിക്കറ്റ് കീപ്പറായി** മാറിയത്: **ദിനേശ് കാർത്തിക്**

- **അൽഷിമേഴ്സ്** നേരത്തേ **കണ്ടുപിടിക്കുന്നതിനായി** പുതിയ **ശബ്ദാധിഷ്ഠിത രീതി** വികസിപ്പിച്ചത രാജ്യം : **ചൈന**

- **ഡിജിറ്റൽ പേയ്മെന്റിനായി വിസ**യുമായി അടുത്തിടെ **കരാർ** ഒപ്പിട്ട **സോഷ്യൽ മീഡിയ** പ്ലാറ്റ്ഫോം: **എക്സ്**

- അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള ആദ്യ ഇന്ത്യൻ സഞ്ചാരി: **ക്യാപ്റ്റൻ ശുഭാംശു ശുക്ല**
  - **ആക്സിയം മിഷൻ 4**-ന്റെ ഭാഗമായി 14 ദിവസത്തെ ദൗത്യം
  - **space x ഡ്രാഗൺ** ബഹിരാകാശ പേടകത്തിലാണ് യാത്ര
  - **നാസ, isro, ആക്സിയം സ്പേസ്** എന്നിവയുടെ സംയുക്ത ദൗത്യം

- 2025 ഫെബ്രുവരി 1-ന് 22-ാം ചരമവാർഷികം ആചരിച്ച, ബഹിരാകാശത്തെത്തിയ ആദ്യ ഇന്ത്യൻ വംശജ വനിത - **കൽപ്പന ചൗള**
  - 1997-ൽ ബഹിരാകാശത്തെത്തിയ ആദ്യ ഇന്ത്യൻ അമേരിക്കൻ വനിത
  - **നാസയുടെ STS-87 ദൗത്യ**ത്തിൽ പങ്കെടുത്തു (1997)
  - 2003 ഫെബ്രുവരി 1-ന് **കൊളംബിയ ബഹിരാകാശ പേടക**ത്തിന്റെ STS-107 ദൗത്യത്തിനിടെ അപകടത്തിൽ മരണപ്പെട്ടു

- **ന്യൂഡൽഹി**യിൽ **ലോക പുസ്തകമേള** ഉദ്ഘാടനം ചെയ്തത് - **ദ്രൗപതി മുർമു**

- **യുഎസ്** പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് **കാനഡയിലും മെക്സിക്കോയിലും** എത്ര ശതമാനം **താരിഫുകൾ** ചുമത്തി**: 25%**

- **പർവതത്തെ ഒരു വ്യക്തി**യായി നിയമപ്രകാരം **അംഗീകരിച്ച രാജ്യം**: **ന്യൂസിലാൻഡ്**

- **ഭിക്ഷാടനം കുറ്റകൃത്യമായി** പ്രഖ്യാപിക്കാൻ പദ്ധതിയിട്ട രാജ്യം: **പാകിസ്ഥാൻ**

- ഇന്ത്യയിലെ ആദ്യത്തെ **ബീറ്റ ഇ-രൂപ വാലറ്റ്** അടുത്തിടെ പുറത്തിറക്കിയ കമ്പനി: **CRED**

- തടസ്സമില്ലാത്ത യാത്രയ്ക്കായി **ഇന്ത്യൻ റെയിൽവേ** പുറത്തിറക്കിയ **ആപ്പ്** – **SwaRAIL**

- ഭൂമിയുടെ അവകാശത്തിനായി ഈയിടെ മൂന്ന് നിക്ഷിപ്ത **വനങ്ങൾ ഡീനോട്ടിഫൈ** ചെയ്ത സംസ്ഥാനം: **അസം**

- അറബിക്കടലിൽ **പൈറസി വിരുദ്ധ ദൗത്യ**ത്തിന് ആദരിക്കപ്പെട്ട ഇന്ത്യൻ IAF പൈലറ്റ്: **അക്ഷയ് സക്സേന**
- **അമേരിക്ക കുടിയേറ്റ തടങ്കൽ കേന്ദ്രം** സ്ഥാപിക്കുന്നത്: **ക്യൂബ**
- **ബംഗ്ലാദേശ്, അൽബേനിയ, സാംബിയ** എന്നിവയ്ക്കുള്ള **വികസന സഹായ പദ്ധതി**കൾ **നിർത്തലാക്കാൻ** തീരുമാനിച്ച രാജ്യം: **സ്വിറ്റ്സർലൻഡ്**
- **അമേരിക്കയ്ക്കെതിരെ തീരുവ** പ്രഖ്യാപിച്ച രാജ്യം: **മെക്സിക്കോ**
- 2025 ലെ **ഐസിസി അണ്ടർ 19 വനിതാ ടി20 ലോകകപ്പ്** നേടിയത്: **ഇന്ത്യ**
- **ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ ട്രാൻസ്പോർട്ട് പൈപ്പ്** വികസിപ്പിച്ച കമ്പനി: **ടാറ്റ സ്റ്റീൽ**
- '**മാഘി ഗണേഷ് ഉത്സവ്** അടുത്തിടെ ഏത് സംസ്ഥാനത്താണ് ആരംഭിച്ചത് -**മഹാരാഷ്ട്ര**
- ഏത് സംസ്ഥാന സർക്കാരാണ് **മതപരിവർത്തന വിരുദ്ധ ബിൽ** അവതരിപ്പിക്കുക - **രാജസ്ഥാൻ**
- **ലോക കാൻസർ ദിനം- ഫെബ്രുവരി 4**
  - 2025ലെ തീം : **United by Unique**
- **ടാറ്റ സ്റ്റീൽ മാസ്റ്റേഴ്സ് 2025 കിരീടം** നേടിയത് - **ആർ. പർഗനാനന്ദ്**
- **AI ഉപകരണങ്ങൾ കുറ്റകൃത്യമായി** പ്രഖ്യാപിക്കുന്ന ആദ്യ രാജ്യം - **ബ്രിട്ടൺ**
- **എറ്റെമാഡ്, ഗദ്ദർ-380** എന്നീ മിസൈലുകൾ പുറത്തിറക്കിയ രാജ്യം - **ഇറാൻ**
- അടുത്തിടെ അന്തരിച്ച **ഹോസ്റ്റർ കോഹ്ലർ** ഏത് രാജ്യത്തിന്റെ മുൻ പ്രസിഡന്റ് - **ജർമ്മനി**
- ആറാമത് **ദേശീയ മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റ്** എവിടെയാണ് സംഘടിപ്പിച്ചത് – **കുന്നംകുളം**

- **ഇന്ത്യൻ ഹജ്ജ് തീർത്ഥാടകർക്ക് ആരോഗ്യ സംരക്ഷണ സഹായം** നൽകുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച **ആപ്പ് - ഹജ്ജ് സുവിധ ആപ്പ്**

- ഇന്ത്യയിലെ ഏത് സംസ്ഥാനത്തിലാണ് രാജ്യത്തെ **ആദ്യത്തെ വെള്ളക്കടുവ പ്രജനന കേന്ദ്ര**ത്തിന് അടുത്തിടെ അംഗീകാരം ലഭിച്ചത – **മധ്യപ്രദേശ്**

- 38മത് **സൂരജ്കുണ്ഡ് അന്താരാഷ്ട്ര കരകൗശല മേള** വേദി – **ഫരീദാബാദ്**

- **ഫെബ്രുവരി 4** ന് **ദേശീയ ദിനം** ആഘോഷിച്ച രാജ്യം – **ശ്രീലങ്ക**

- **ഷിചിബിക്കി-6 ഉപഗ്രഹം** വിക്ഷേപിച്ച രാജ്യം - **ജപ്പാൻ**

- അരി വില കുതിച്ചുയരുന്ന സാഹചര്യത്തിൽ **ഭക്ഷ്യസുരക്ഷാ അടിയന്തരാവസ്ഥ** പ്രഖ്യാപിച്ച രാജ്യം - **ഫിലിപ്പീൻസ്**

- ഏത് രാജ്യത്താണ് തലസ്ഥാനത്ത് **ഛത്രപതി ശിവാജി മഹാരാജിന്റെ പ്രതിമ** സ്ഥാപിക്കുക - **ജപ്പാൻ**

- **ബെൽജിയത്തിന്റെ പ്രധാനമന്ത്രി**യായി സത്യപ്രതിജ്ഞ ചെയ്തത് ആരാണ് - **ബാർട്ട് ഡി വെവർ**

- അടുത്തിടെ ഒരു **ഏകീകൃത സിവിൽ കോഡ്** തയ്യാറാക്കുന്നതിനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ച സംസ്ഥാനം **– ഗുജറാത്ത്**

- സംസ്ഥാനത്തെ **മികച്ച രക്തബാങ്ക്** അംഗീകാരം ലഭിച്ചത് - **തൃശൂർ ഗവ മെഡിക്കൽ കോളേജിന്**

- **റിപ്പോ നിരക്ക്** കുറച്ച് റിസർവ് ബാങ്ക്; 6.50 ശതമാനത്തിൽ നിന്ന് **6.25** ശതമാനമാക്കി

- ആഴ്ചയിൽ **ജീവനക്കാരുടെ ജോലി സമയം കുറയ്ക്കാൻ** തീരുമാനിച്ച രാജ്യം - **സ്പെയിൻ**

- ഇന്ത്യയിലെ **ആദ്യത്തെ AI സർവകലാശാല** ഏത് സംസ്ഥാനത്താണ് സ്ഥാപിക്കപ്പെടുക – **മഹാരാഷ്ട്ര**

- **പർവതാരോഹണ നിയമങ്ങൾ** ഭേദഗതി ചെയ്ത രാജ്യം - **നേപ്പാൾ**

- വിദേശ പൗരന്മാർക്കായി ഇന്ത്യാ ഗവൺമെന്റ് ആരംഭിച്ച **പുതിയ വിസ വിഭാഗം - ആയുഷ് വിസ**
- ഇന്ത്യയിലെ **ആദ്യത്തെ കാൻസർ ജീനോം അറ്റ്ലസ്** പുറത്തിറക്കിയ ഐഐടി - **ഐഐടി മദ്രാസ്**
- **ലോകത്തിലെ രണ്ടാമത്തെ വലിയ മൊബൈൽ ഫോൺ നിർമ്മാതാവായി** മാറിയ രാജ്യം – **ഇന്ത്യ**
- അടുത്തിടെ പ്രൊഫഷണൽ ടെന്നീസിൽ നിന്ന് **വിരമിക്കൽ** പ്രഖ്യാപിച്ച **ടെന്നീസ് താരം: സിമോണ ഹാലെപ്പ്(റൊമാനിയ)**
- **ഏറ്റവും കൂടുതൽ സ്തനാർബുദ കേസുകൾ** റിപ്പോർട്ട് ചെയ്ത ഇന്ത്യയിലെ നഗരം : **ഹൈദരാബാദ്**
- ഇന്ത്യൻ സൈന്യം അടുത്തിടെ **ഫോർട്ട് വില്യം എന്ന് പുനർനാമകരണം** ചെയ്തത് -**വിജയ് ദുർഗ് (**ഈസ്റ്റേൺ കമാൻഡിന്റെ ആസ്ഥാനം, കൊൽക്കത്ത)
- **നക്സൽ രഹിത സംസ്ഥാനമായി** പ്രഖ്യാപിക്കപ്പെട്ടത്: **കർണാടക**
- **മിസിസ് വേൾഡ് 2025** കിരീടം നേടിയ ആദ്യത്തെ കറുത്ത വർഗക്കാരി - **ഷെഗോ ഗെ**(SA)
- 38മത് **ദേശീയ ഗെയിംസിൽ** കിരീടം നേടിയ **പുരുഷ കബഡി ടീം - ഉത്തർപ്രദേശ്**
- വനിതാ കായിക ഇനങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്ന് **ട്രാൻസ്ജെൻഡർ അത്‌ലറ്റുകളെ വിലക്കിയ രാജ്യം – അമേരിക്ക**
- **ബെലാറസിൽ ഓർസിക് മിസൈൽ** സംവിധാനം വിന്യസിച്ച രാജ്യം – **റഷ്യ**
- **ഇസ്കാൻഡർ-എം ബാലിസ്റ്റിക് മിസൈൽ** വികസിപ്പിച്ചെടുത്ത രാജ്യം – **റഷ്യ**
- **ദേശീയ ഗെയിംസ് ഫുട്ബോളിൽ സ്വർണം** നേടിയത് - **കേരളം**
  - 28 വർഷത്തിന് ശേഷം, ഫൈനലിൽ **ഉത്തരാഖണ്ഡിനെ** എതിരില്ലാത്ത ഒരുഗോളിനാണ് തോൽപ്പിച്ചത്

- **കേരള ശാസ്ത്ര പുരസ്കാരം** ലഭിച്ചത് - **എസ് സോമനാഥ്**
- **പൈതൃക പദ്ധതി പ്രകാരം 60 ഗ്രാമങ്ങളെ വിനോദസഞ്ചാര കേന്ദ്രങ്ങളായി** വികസിപ്പിക്കുന്ന സംസ്ഥാനം – **ഉത്തരാഖണ്ഡ്**
- ഏത് രാജ്യത്തെ ഫുട്ബോൾ ഫെഡറേഷനെയാണ് **ഫിഫ** അടുത്തിടെ **സസ്പെൻഡ്** ചെയ്തത് - **പാകിസ്ഥാൻ**
- **അന്താരാഷ്ട്ര ക്രിമിനൽ കോടതിയെ നിരോധിച്ച രാജ്യം – അമേരിക്ക**
- ഏത് കമ്പനിയാണ് തങ്ങളുടെ പേര് '**എറ്റേണൽ**' എന്ന് മാറ്റിയത് – **സൊമാറ്റോ**
- **ഇന്ത്യയിൽ മാതൃമരണ നിരക്ക്** അടുത്തിടെ എത്ര ശതമാനം **കുറഞ്ഞു - 83%**
- **37മത് കേരള ശാസ്ത്ര കോൺഗ്രസ് വേദി - തൃശൂർ**
- **ലബനനിൽ** പുതിയ **പ്രധാനമന്ത്രി** - **നവാഫ് സലാം**
  - പ്രസിഡന്റ് - **ജോസഫ് ഔൻ**
- **ഉത്തരാഖണ്ഡിൽ** നടക്കുന്ന 38മത് **ദേശീയ ഗെയിംസിൽ** വനിതകളുടെ **തായ്കോണ്ടോ** (67 kg വിഭാഗം) കേരളത്തിന്റെ **മാർഗരറ്റ് മരിയ** റെജിക്ക് **സ്വർണം.**
- ഏകദിന ക്രിക്കറ്റ് ചരിത്രത്തിൽ **ഏറ്റവും കൂടുതൽ സിക്സ്** നേടുന്ന **രണ്ടാമത്തെ ബാറ്റ്സ്മാൻ**: **രോഹിത് ശർമ്മ**
- ചൈനയുടെ **ചാങ്'ഇ-8 ചാന്ദ്ര ദൗത്യത്തിൽ** ചേർന്ന രാജ്യം - **പാകിസ്ഥാൻ**
- **ചൈനയുടെ ബെൽറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവിൽ** നിന്ന് അടുത്തിടെ **പിന്മാറിയ രാജ്യം – പനാമ**
- **ഡീപ്സീക്ക് AI നിരോധിച്ച രാജ്യം - ദക്ഷിണ കൊറിയ**
- **ഹാർട്ട്സ് ആൻഡ് ഹീറോസ്: ലൈവ്സ് ദാറ്റ് ഷേപ്പ്ഡ് അസ്**' എന്ന പുസ്തകം രചിച്ചത് - **കുൽഭൂഷൺ കുമാർ**

- ഏഷ്യയിലെ **ഏറ്റവും വലിയ വ്യോമപ്രദർശനമായ എയ്റോ ഇന്ത്യയുടെ** വേദി: **യെലഹങ്ക (ബംഗളുരു)**

- **ഭിന്നശേഷിക്കാർക്ക് സൗജന്യ തൊഴിലിടങ്ങൾ** ഒരുക്കുന്ന **നൊങ്ക് ബങ്കുകൾ** സ്ഥാപിക്കുന്ന പദ്ധതി**: ഇടം**

- 2025 ഫെബ്രുവരിയിൽ അന്തരിച്ച **നമീബിയയുടെ ആദ്യ പ്രസിഡന്റ്** - **സാം നിജോമ**

- 2025 ലെ **ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) ആക്ഷൻ ഉച്ചകോടി**ക്ക് **ആതിഥേയത്വം** വഹിക്കുന്ന രാജ്യം - **ഫ്രാൻസ്**

- **'വികസിത ഇന്ത്യ @ 2047, പുരോഗതിയിലേക്കുള്ള പാത നീതി ആയോഗ് കോൺക്ലേവ് നടന്നത്: ന്യൂഡൽഹി**

- ആരോഗ്യ സേവനങ്ങൾക്കായി **ലോക ബാങ്കിൽ നിന്ന് അടുത്തിടെ 2424 കോടി രൂപ വായ്പ ലഭിച്ച സംസ്ഥാനം – കേരളം**

- ഇന്ത്യൻ പ്രധാനമന്ത്രി **നരേന്ദ്ര മോദി** അടുത്തിടെ ഏത് രാജ്യത്താണ് പുതിയ **കോൺസുലേറ്റ് ഉദ്ഘാടനം** ചെയ്യുന്നത് - **ഫ്രാൻസ്**

- ഏകദിന ക്രിക്കറ്റിൽ **അരങ്ങേറ്റ മത്സരത്തിൽ 150 റൺസ് നേടിയ ആദ്യ ബാറ്റർ**: **മാത്യു ബ്രിറ്റ്സ്കി(സൗത്ത്ആഫ്രിക്ക)**

- 2025 ലെ **ഫ്രീസ്റ്റൈൽ ചെസ് ഗ്രാൻഡ് സ്ലാം** ടൂർണമെന്റ് **വേദി - ജർമ്മനി**

- രാജ്യത്തെ **ആദ്യ വനിതാ സ്കൂബ ഡൈവിങ് ആൻഡ് റെസ്ക്യൂ ടീം - ഗാനെറ്റ്സ് (കേരള)**

- **ലോകത്തിലെ ശക്തരായ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയുടെ സ്ഥാനം - 12**
  - 1st അമേരിക്ക
  - 2nd ചൈന
  - 10th ഇസ്രായേൽ

- **ഇന്ത്യ** അടുത്തിടെ ഏത് രാജ്യവുമായി ചേർന്നാണ് '**സൈക്ലോൺ**' എന്ന **സംയുക്ത സൈനികാഭ്യാസം** സംഘടിപ്പിച്ചത് – **ഈജിപ്ത്**

- **ഓപ്പറേഷൻ 'ഡെവിൾ ഹണ്ട്'** ആരംഭിച്ച രാജ്യം – **ബംഗ്ലാദേശ്**

- മൂന്ന് ദിവസത്തെ **അന്താരാഷ്ട്ര പക്ഷിമേള** എവിടെയാണ് സംഘടിപ്പിക്കുന്നത്: **പ്രയാഗ് രാജ്**
- **ബെംഗളൂരു**വിൽ 2025 ലെ **എയ്റോ ഇന്ത്യ ഷോ ഉദ്ഘാടനം** ചെയ്തത് - **രാജ്നാഥ് സിംഗ്**
- 49മത് **സീനിയർ നാഷണൽ യോഗ സ്പോർട്സ്** ചാമ്പ്യൻഷിപ്പിന്റെ **വേദി – തിരുവനന്തപുരം**
- ഇന്ത്യയിലെ **ആദ്യത്തെ വെർട്ടിക്കൽ ലിഫ്റ്റ് റെയിൽവേ കടൽപ്പാലം**:- **പാമ്പൻ (രാമേശ്വരം)**
- **അഴിമതി നിറഞ്ഞ രാജ്യങ്ങളുടെ പട്ടിക**യിൽ **ഇന്ത്യ**യുടെ സ്ഥാനം - **96**
    - ഏറ്റവും കുറവ് അഴിമതിയുള്ള രാജ്യം: **ഡെൻമാർക്ക്**
    - ഏറ്റവും കൂടുതൽ: **ദക്ഷിണ സുഡാൻ**
- മദ്രാസ് IIT യിലെ സ്റ്റാർട്ട് അപ് കമ്പനി **ത്വസ്ഥ ഗോദ്റെജ് പ്രോപ്പർട്ടീസിനായി ഇന്ത്യയിലെ ആദ്യത്തെ 3D പ്രിന്റഡ് വില്ല** നിർമ്മിച്ചത് എവിടെ – **പൂനെ**
- **ലോക റേഡിയോദിനം - ഫെബ്രുവരി 13**
- **2027 ലെ ഒളിമ്പിക് ഇ-സ്പോർട്സ് ഗെയിംസ് വേദി –** റിയാദ്
- **സ്പിന്നർ സ്പോർട്സ് ഡ്രിങ്ക്** പുറത്തിറക്കിയ കമ്പനി- **റിലയൻസ്**
- **ഓട്ടിസവുമായി ബന്ധപ്പെട്ട തലച്ചോറിന്റെ പ്രവർത്തനം കണ്ടെത്തിയത്** ഏത് രാജ്യത്തെ ഗവേഷകർ - **ഇസ്രായേൽ**
- ഇന്ത്യയിലെ **ആദ്യത്തെ തദ്ദേശീയ ഓട്ടോമേറ്റഡ് ബയോമെഡിക്കൽ മാലിന്യ സംസ്കരണ പ്ലാന്റ്** ആരംഭിച്ച നഗരം - **ന്യൂ ഡൽഹി**
- **ആർ-37എം മിസൈൽ** വികസിപ്പിച്ചെടുത്തത രാജ്യം – **റഷ്യ**
- **സെബി** അടുത്തിടെ ആരംഭിച്ച **പുതിയ ഡിജിറ്റൽ പ്ലാറ്റ്ഫോം**- 'മിത്ര'
- **അഴിമതി**യുമായി ബന്ധപ്പെട്ട **കുറ്റത്തിന് ICC വിലക്കിയ ബംഗ്ലാദേശ് വനിതാ ക്രിക്കറ്റ് താരം - ഷോഹെലി അക്തർ**

- 2025 ലെ **ഐസിസി ചാമ്പ്യൻസ് ട്രോഫിയുടെ ഇവന്റ് അംബാസഡറായി** നിയമിതനായ ഇന്ത്യൻ ക്രിക്കറ്റ് താരം: **ശിഖർ ധവാൻ**
- **39മത് ദേശീയ ഗെയിംസിന് ആതിഥേയത്വം** വഹിക്കുന്നത്**: മേഘാലയ**
  - ഉത്തരാഖണ്ഡിൽ നടന്ന 38 മത് ദേശീയ ഗെയിംസ് ചാമ്പ്യൻ: സർവീസസ്( 67 സ്വർണമടക്കം 120 മെഡലുകൾ)
  - 13 സ്വർണമടക്കം 54 മെഡലുകളുള്ള കേരളം 14-ാം സ്ഥാനത്തായി.
- പ്രശസ്ത മെഡിക്കൽ ബയോകെമിസ്ട്രി ശാസ്ത്രജ്ഞനും **നോബൽ സമ്മാന ജൂറി അംഗവു**മായിരുന്ന **ഡോ.മാധവ ഭട്ടതിരി** അന്തരിച്ചു.
  - രസതന്ത്രത്തിൽ നോബൽ സമ്മാന അർഹരെ നിശ്ചയിക്കാനുള്ള സമിതിയിൽ അംഗമായിരുന്ന **ഏക മലയാളിയാണ്**
- **ഏറ്റവും കൂടുതൽ തവണ രാഷ്ട്രപതി ഭരണം** ഏർപ്പെടുത്തിയ സംസ്ഥാനം : **മണിപ്പൂർ (11)**
- **കൈക്കൂലി വാങ്ങുന്നവരെ കൈയോടെ പിടികൂടാൻ വിജിലൻസ്** ആരംഭിച്ച പരിശോധന - **ഓപ്പറേഷൻ സ്പോട്ട് ട്രാപ്പ്**
- കേരളത്തിലെ **ആദ്യത്തെ ദേശീയ വനിതാ ജൂഡോ റഫറി** -**ജെ.ജയശ്രീ**
- ഹയർസെക്കൻഡറി ഉൾപ്പെടെയുള്ള **എല്ലാ പൊതുപരീക്ഷയുമായി ബന്ധപ്പെട്ട് കുട്ടികളുടെ സമ്മർദ്ദം ലഘുകരിക്കാൻ** വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ **ടോൾ ഫ്രീ സഹായകേന്ദ്രം** **-വി ഹെല്പ്**
- **ദി ന്യൂ ഐക്കൺ സവർക്കർ ആൻഡ് ദി ഫാക്ട്സ്** എന്ന പുസ്തകം എഴുതിയത് - **അരുൺ ഷൂരി**
- മുതിർന്ന ബഹിരാകാശ ശാസ്ത്രജ്ഞനും **ഇന്ത്യയുടെ ആദ്യ വാർത്താവിനിമയ പരീക്ഷണ ഉപഗ്രഹം ആപ്പിളിന്റെ പ്രൊജക്ട് ഡയറക്ടറുമായ** **ആർ എം വാസഗം** (91) അന്തരിച്ചു
- **ലൗ ജിഹാദുമായി ബന്ധപ്പെട്ട് നിയമ നിർമാണ**ത്തിനൊരുങ്ങുന്ന സംസ്ഥാനം – **മഹാരാഷ്ട്ര**
- **പുരപ്പുറ സോളാറിൽ രാജ്യത്ത് ഏറ്റവും മുന്നിലെത്തിയത്- കേരളം** (99.97% വളർച്ച)

★ **26th കേന്ദ്ര മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണറായി** നിയമിതനായത് - **ഗ്യാനേഷ് കുമാർ**

★ തംബ്സ് അപ്പിന് പകരം ഐപിഎൽ 2025 ന്റെ സഹ-ഹോസ്റ്റായി ചുമതലയേൽക്കുന്നത് - **കാമ്പ കോള**

★ ഏത് രാജ്യത്തിൽ നിന്നാണ് **അദാനി ഗ്രീൻ 442 മില്യൺ ഡോളറിന്റെ കാറ്റാടി വൈദ്യുതി പദ്ധതി പിൻവലിച്ചത്: ശ്രീലങ്ക**

★ **ജലവൈദ്യുത നേപ്പാൾ പദ്ധതി**ക്കായി നേപ്പാളുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചത് - **ഫ്രാൻസ്**

★ **തദ്ദേശീയമായി നിർമ്മിച്ച ബഹിരാകാശ ചിപ്പ് "IRIS"** വികസിപ്പിച്ചെടുത്തത് - **മദ്രാസ് ഐഐടി**

★ **ശാസ്ത്രത്തിൽ കൂടുതൽ സ്ത്രീകളുള്ള ഒരു ലോകം സങ്കൽപ്പിക്കുക'** എന്ന കാമ്പെയ്ൻ അടുത്തിടെ ആരംഭിച്ചത് **– UNESCO**

★ **57 മിനിറ്റിനുള്ളിൽ ഒരു ഹാഫ് മാരത്തൺ പൂർത്തിയാക്കിയ ആദ്യ വ്യക്തി - ജേക്കബ് കിപ്ലിമോ**

★ വ്യാപാരം ശക്തിപ്പെടുത്തുന്നതിനായി **എഫ്റ്റാ (യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷൻ) ഡെസ്ക്** ആരംഭിക്കുന്നത് – **ഇന്ത്യ**

★ **എല്ലാവർക്കും ഭൂമി,എല്ലാ ഭൂമിക്കും രേഖ** എന്ന ലക്ഷ്യവുമായി സംസ്ഥാനത്ത് ആരംഭിച്ച **ഡിജിറ്റൽ സർവെ - എന്റെ ഭൂമി**

★ **രഞ്ജിട്രോഫി സെമിയിൽ സെഞ്ചുറി നേടുന്ന ആദ്യ കേരളതാരം - മുഹമ്മദ് അസ്ഹറുദ്ദീൻ**

★ **2025 ലെ ബ്രിക്സ് ഉച്ചകോടിക്ക് ആതിഥേയത്വം** വഹിക്കുന്ന രാജ്യം - **ബ്രസീൽ**

★ തമിഴ് കവിയും തത്വചിന്തകനുമായ **തിരുവള്ളുവരുടെ പ്രതിമ** അടുത്തിടെ അനാച്ഛാദനം ചെയ്ത രാജ്യം - **ഫിലിപ്പീൻസ്**

★ സമുദ്രത്തിന്റെ അടിത്തട്ടിലേക്ക് മനുഷ്യനെ എത്തിക്കുന്നതിനുള്ള ഇന്ത്യയുടെ **സമുദ്രയാൻ പദ്ധതിക്കായി നിർമിച്ച അന്തർ വാഹിനി - മത്സ്യ 6000**

- **ഉപയോഗിക്കാത്തതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ ശേഖരിച്ച് സുരക്ഷിതമായി സംസ്കരിക്കുന്ന പദ്ധതി – nPROUD**
- ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിനു കീഴിൽ **നഗര പ്രദേശങ്ങളിലെ എല്ലാ ഭൂമികളും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സർവേ നടത്തുന്നതിനായിട്ടുള്ള പദ്ധതി: നക്ഷ പദ്ധതി**
- 2025 ഫെബ്രുവരിയിൽ ഉണ്ടായ "**Earthquake Swarm**" കാരണം ഏത് രാജ്യത്താണ് **അടിയന്തരാവസ്ഥ** പ്രഖ്യാപിച്ചത് – **ഗ്രീസ്**
- **ഗൂഗിളിന്റെ ഇന്ത്യയിലെ ഏറ്റവും വലിയ ഓഫീസ്** '**അനന്ത**' നിലവിൽ വരുന്നത് - **ബംഗളൂരു**
- **ഡൽഹി**യുടെ എത്രമത്തെ **വനിതാ മുഖ്യമന്ത്രി**യാണ് **രേഖ ഗുപ്ത – നാലാമത്തെ**
- **23മത് ദേശീയ പാരാ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പ് വേദി - ചെന്നൈ**
- ഇന്ത്യയിലെ **ആദ്യത്തെ ഓപ്പൺ എയർ ആർട്ട് വാൾ മ്യൂസിയം** ഉദ്ഘാടനം ചെയ്തത് - **ന്യൂഡൽഹി**
- **ഇന്ത്യയും നേപ്പാളും തമ്മിലുള്ള ശാസ്ത്ര സാങ്കേതിക സഹകരണം** ശക്തിപ്പെടുത്തുന്നതിനായി ധാരണാപത്രത്തിൽ ഒപ്പുവച്ച സ്ഥാപനങ്ങൾ- **CSIR and NAST**
- **ശാസ്ത്രപഠനം ലളിതമാക്കാനുള്ള കേരള സർക്കാർ പദ്ധതി** '**മഴവില്ല്**'
- **PSC ചരിത്ര മ്യൂസിയം** നിലവിൽ വരുന്നത് – **തിരുവനന്തപുരം**
- **72മത് ലോക സുന്ദരി കിരീട മത്സരം വേദി – തെലങ്കാന**
- **അടുത്തിടെ OPEC+ ൽ ചേർന്ന രാജ്യം - ബ്രസീൽ**
- ഏത് **സംസ്ഥാനത്തിന്റെ അസംബ്ലി**യിലാണ് **ഇന്ത്യയിൽ ആദ്യമായി** ഒരു **ട്രാൻസ്ലേറ്റർ സൗകര്യം** ഒരുക്കുന്നത് - **ഉത്തർപ്രദേശ്**
- **ബിസിനസുകൾക്കായി AI- പവർ പ്ലാറ്റ്ഫോമായ "നഗ്ഗറ്റ്" ആരംഭിച്ചത് - സൊമാറ്റോ**

- **കാലഹരണപ്പെട്ട മരുന്നുകളുടെ ശാസ്ത്രീയ സംസ്കരണത്തിൽ മുന്നിലുള്ള** സംസ്ഥാനം **– കേരളം**
- **ഫ്യൂച്ചർ ബ്രാൻഡ് സൂചികയുടെ സമീപകാല ആഗോള റാങ്കിംഗിൽ ഒന്നാമതെത്തിയത് – സാംസങ്**
- **കേരളത്തിൽ ഏറ്റവും കൂടുതൽ വരൾച്ച** ബാധിത പ്രദേശങ്ങളുള്ളത് **- കാസർകോട്**
  - കുറവ്: **കോട്ടയം**
- **ഇൻവെസ്റ്റ് കേരള ആഗോള ഉച്ചകോടി വേദി – കൊച്ചി**
- ബിബിസി 2024 ലെ '**ഇന്ത്യൻ സ്പോർട്സ് വുമൺ ഓഫ് ദി ഇയർ**' ആയി തിരഞ്ഞെടുത്തത് - **മനു ഭാക്കർ**
- **'ലോക സാമൂഹിക നീതി ദിനം' - ഫെബ്രുവരി 20**
- **ഫെബ്രുവരി 20** ന് 38മത് **സ്ഥാപക ദിനം** ആഘോഷിച്ച **സംസ്ഥാനം - അരുണാചൽ പ്രദേശ്**
- **OMO** (**വൺ-മാൻ ഓഫീസ്) ഓൺലൈൻ സേവനം** ആരംഭിച്ചത് – **LIC**
- **ഗ്രീൻ ഷിപ്പിംഗ് കോൺക്ലേവ് 2025** അടുത്തിടെ ഉദ്ഘാടനം ചെയ്തത് – **മുംബൈ**
- **"മജോറാന 1"** എന്ന പേരിൽ ആദ്യത്തെ **ക്വാണ്ടം കമ്പ്യൂട്ടിംഗ് ചിപ്പ്** പുറത്തിറക്കിയ സ്ഥാപനം – **മൈക്രോസോഫ്റ്റ്**
- 2025 ലെ **ചീഫ് ഇൻഫർമേഷൻ ഓഫീസർ** (CIO) **സമ്മേളനം** നടന്നത് - **ന്യൂഡൽഹി**
- ടൈമിന്റെ 2025 ലെ '**വുമൺ ഓഫ് ദി ഇയർ**' പട്ടികയിൽ ഇന്ത്യൻ ജീവശാസ്ത്രജ്ഞ **പൂർണിമ ദേവി ബർമൻ** ഇടം നേടി.
  - **ടൈമിന്റെ 2025 ലെ വനിതാ പട്ടികയിൽ ഇടം നേടിയ ഏക ഇന്ത്യൻ വനിത.**
- **രാജ്യത്ത് ആദ്യമായി കടൽമണൽ ഖനനം** ആരംഭിക്കുന്നത് - **തങ്കശ്ശേരി (കൊല്ലം)**

- കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി **സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ: 'ആരോഗ്യം ആനന്ദം -അകറ്റാം അർബുദം'**
- ഫോബ്സ് മാസികയുടെ **പ്രോമിസിങ് സ്റ്റാർട്ടപ് പട്ടികയിൽ ആദ്യ 100 ൽ** ഇടം നേടി **മലയാളി സ്റ്റാർട്ടപ്പ് - ആക്രി ആപ്**
- ഗുരുവായൂർ ദേവസ്വത്തിന്റെ **ജ്ഞാനപ്പാന പുരസ്കാരത്തി**ന് അർഹനായത് : **കെ പി ശങ്കരൻ (സാഹിത്യ നിരൂപകൻ**)
- **ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ** നേടിയത്: **ബെൻ ഡക്കറ്റ്** (ഇംഗ്ലണ്ട്)143 പന്തുകളിൽ 165 റൺസ്
- **ഇലക്ട്രോണിക് പേർസണൽ ലൈസെൻസ് (EPL) പൈലറ്റുകൾ** ലഭ്യമാക്കുന്ന ലോകത്തെ **രണ്ടാമത്ത രാജ്യം - ഇന്ത്യ**
    - ആദ്യം - ചൈന
- സാമ്പത്തിക മേഖലയിലെ തൊഴിലവസരങ്ങൾക്കായി യുവ ബിരുദധാരികളെ സജ്ജമാക്കുന്നതിനായി '**പ്രോജക്റ്റ് ODISERV**' ആരംഭിച്ച സംസ്ഥാനം**: ഒഡീഷ**
- **നയനമൃതം 2.0** എന്ന പേരിൽ AI-യിൽ പ്രവർത്തിക്കുന്ന നേത്ര പരിശോധനാ സംരംഭം ആരംഭിച്ച സംസ്ഥാനം – **കേരളം**
- അടുത്തിടെ, **പ്രധാനമന്ത്രി മോദി** ഏത് രാജ്യത്തിന്റെ **ദേശീയ ദിനാഘോഷത്തിൽ മുഖ്യാതിഥി**യായി പങ്കെടുക്കും **– മൗറീഷ്യസ്**
- '**ലോക ചിന്താ ദിനം** ആയി ആചരിച്ച ദിവസം: **ഫെബ്രുവരി 22**
- **പട്ടികവർഗ മേഖലയിലെ ജനവിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം** പ്രോത്സാഹിപ്പിച്ച് നൂതന തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന **കുടുംബശ്രീ പദ്ധതി – കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസ് ആൻഡ് ഇന്നവേഷൻ സെന്റർ (കെ-ടിക്) പദ്ധതി**
- **ടാപെന്റഡോൾ, കാരിസോപ്രോഡോൾ** എന്നിവ അടങ്ങിയ മരുന്നുകളുടെ **കയറ്റുമതി** ആരോഗ്യ മന്ത്രാലയം **നിരോധിച്ചു.**
- **ആരോഗ്യകരമായ ഭക്ഷണശീലം** വളർത്തിയെടുക്കുന്നതിനായി മലപ്പുറം ജില്ലാ ഭരണകൂടത്തിന്റെ പദ്ധതി- '**ഹെൽത്തി പ്ലേറ്റ്**'.

- **ദൈനംദിന ജീവിതത്തിൽ മറ്റൊരാളുടെ സഹായം ആവശ്യമായി വരുന്ന കുടുംബങ്ങൾക്ക്** പ്രൊഫഷണൽ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന **കുടുംബശ്രീയുടെ പദ്ധതി**: **കെ 4 കെയർ**
- **ഗില്ലൻ ബാരി സിൻഡ്രോം** കേരളത്തിൽ ആദ്യം മരണം റിപ്പോർട്ട് ചെയ്തത് – **മൂവാറ്റുപുഴ**
- **അയൺ ഡോം ശൈലിയിലുള്ള മിസൈൽ പ്രതിരോധ സംവിധാനം** വികസിപ്പിച്ചെടുത്ത രാജ്യം: **ഇസ്രയേൽ**
- **ഏഷ്യയിലെ ആദ്യത്തെ ആഗോള ഹൈപ്പർലൂപ്പ് മത്സരം നടത്തിയ ഐഐടി - ഐഐടി മദ്രാസ്**
- അടുത്തിടെ **ആർബിഐ 39 ലക്ഷം രൂപ പിഴ ചുമത്തിയ ബാങ്ക് - സിറ്റി ബാങ്ക്**
- അടുത്തിടെ പൊട്ടിത്തെറിച്ച, അഗ്നിപർവ്വതം '**മൗണ്ട് ഡുകോണോ**' ഏത് രാജ്യത്താണ് – **ഇന്തോനേഷ്യ**
- **സ്വാതന്ത്ര്യം ലഭിച്ച് 75 വർഷങ്ങൾക്ക് ശേഷം, ചരിത്രത്തിൽ ആദ്യമായി തങ്ങളുടെ വോട്ടവകാശം വിനിയോഗിച്ച ഗ്രാമം**: **ഛത്തീസ്ഗഡിലെ കെർലാപെണ്ട (പൂർവതി)**
- **ഇന്ത്യൻ വുമൺ പ്രീമിയർ ലീഗിലെ ആദ്യ സൂപ്പർ ഓവർ** മത്സരം: **യുപി വാരിയേഴ്സ് vs റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ**
- **ഫെബ്രുവരി 25 സൈനിക രക്തസാക്ഷിത്വ ദിനമായി** പ്രഖ്യാപിച്ച രാജ്യം – **ബംഗ്ലാദേശ്**
- ഇന്ത്യയിലെ **ആദ്യത്തെ ബയോപോളിമർ പ്ലാന്റ്** സ്ഥിതി ചെയ്യുന്നത് - **ലഖിംപൂർ ഖേരി( ഉത്തർപ്രദേശ്)**
- 2025-ൽ പുറത്തുവിട്ട **ക്ലൈമറ്റ് റിസ്ക് ഇൻഡക്സ്** പ്രകാരം 1993-2022 കാലയളവിൽ **പ്രകൃതിദുരന്തങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കപ്പെട്ട രാജ്യം**: **ഡൊമിനിക്ക**
  - ഇന്ത്യ ആറാമത്
- 2024 ൽ **ലോകത്ത് ഏറ്റവും കൂടുതൽ ഐപിഒ വഴി ഫണ്ട് സ്വരൂപിക്കുന്നതിൽ** ഒന്നാം സ്ഥാനം നേടിയ രാജ്യം – **ഇന്ത്യ**

- സംസ്ഥാനത്ത് **ആദ്യമായി ഡ്രോൺ ഉപയോഗിച്ച് നെല്ല് വിതച്ചു കൃഷി** നടത്തിയത് - **കുട്ടനാട്ടിലെ ചമ്പക്കുളത്ത്**

- ഇന്ത്യയിൽ ആദ്യമായി നഗരാടിസ്ഥാനത്തിൽ നടക്കുന്ന **റോവിംഗ് ലീഗിന്** ഹൈദരാബാദിലെ **ഹുസൈൻ സാഗർ തടാകത്തിൽ** തുടക്കമാകും.
  - കേരളത്തിൽനിന്ന് പങ്കെടുക്കുന്നത് - **Cochin Queens**

- 2025-ലെ **ബുക്കർ സമ്മാനത്തിനു ള്ള പട്ടികയിൽ ഇടം നേടിയ കന്നഡ എഴുത്തുകാരി**: **ബാനു മുഷ്താഖ്** (കഥാസമാഹാരം '**ഹാർട്ട് ലാംപ്**')

- ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിലെ **ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ** നേടിയത്: **ഇബ്രാഹിം സദ്രാൻ** (177)(**അഫ്ഗാനിസ്ഥാൻ**)

- **ഇന്ത്യയിലെ ആദ്യ ഹൈപ്പർലൂപ്പ് ടെസ്റ്റ് ട്രാക് : ഡൽഹി-ജയ്പൂർ**
  - റെയിൽവേ മന്ത്രാലയത്തിന്റെ പിന്തുണയോടെ ഐഐടി മദ്രാസ് നിർമിച്ച ഇന്ത്യയുടെ ആദ്യത്തെ ഹൈപ്പർലൂപ് ടെസ്റ്റ് ട്രാക്ക് സജ്ജമായി.

- **ഇന്ത്യയിലെ ആദ്യ സെന്റർ ഫോർ അഡ്വാൻസ്ഡ് റിസർച്ച് ഓൺ അഡിക്റ്റീവ് ബിഹേവിയേഴ്സ് (**CAR-AB) നിലവിൽ വരുന്നത് - **ഡൽഹി എയിംസിൽ**

- **ലോകത്തിലെ ഏറ്റവും ചെലവേറിയ പാസ്പോർട്ടായി** പ്രഖ്യാപിക്കപ്പെട്ടത് ഏത് രാജ്യത്തിന്റെ – **മെക്സിക്കോ**

- **ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള നഗരമായി** ഏഴാം തവണയും പ്രഖ്യാപിക്കപ്പെട്ട നഗരം - **ഇൻഡോർ**

- **ആഗോള സ്തനാർബുദ നിരക്കിൽ ഒന്നാം സ്ഥാനം - ന്യൂസിലാൻഡ്**

- സംസ്ഥാനത്തെ **ആദ്യ ഫ്ലോട്ടിംഗ് സോളാർ പദ്ധതി - വയനാട് ബാണാസുരസാഗർ ഡാമിൽ**

- **കർഷകർക്കുള്ള എല്ലാ സേവനങ്ങളും** ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന സംയോജിത പോർട്ടൽ - **കതിർ ആപ്പ്**

- **സെബി മേധാവി**യായി നിയമിതനായത് - **തുഹിൻ കാന്ത പാണ്ഡെ**

- **National Science Day - ഫെബ്രുവരി 28**

  - Theme: Empowering Indian youth for Global leadership in Science and innovation for Viksit Bharat

- ഇമെയിൽ വഴി **ആദ്യത്തെ ഇ-എഫ്ഐആർ** ഫയൽ ചെയ്ത സംസ്ഥാനം - **ജമ്മു കാശ്മീർ**
- '**ദേശീയ ഹോർട്ടികൾച്ചർ മേള**' സംഘടിപ്പിക്കുന്നത് **– ബെംഗളൂരു**
- **ഇന്ത്യയിലെ ആദ്യത്തെ വന്യജീവി ബയോബാങ്ക്** നിലവിൽ വരുന്നത് - **ഡാർജിലിംഗ്**
- "**അഥീന**" **എന്ന ചാന്ദ്ര ദൗത്യം** ആരംഭിക്കുന്നത് - **നാസ**

# മാർച്ച്

- **കാനനവാസികളെ അവരുടെ ഭാഷയിൽ തന്നെ പഠിപ്പിച്ചു പൊതുധാരയിൽ എത്തിക്കാൻ** പൊതു വിദ്യാഭ്യാസ വകുപ്പിനുകീഴിലെ **സമഗ്ര ശിക്ഷാ കേരളം** മുൻകൈയെടുത്ത് നടപ്പിലാക്കുന്ന സംരംഭം: **"പഠിപ്പുറസി"**(പഠനത്തിന്റെ രുചി)
  - ഇടുക്കി ഇടമലക്കുടിയിലെ ആദിവാസി കുട്ടികൾക്കായി "**മുതുവൻ**" **ഭാഷ**യിൽ ആരംഭിച്ച സംരംഭം.
- **രാജ്യത്തെ ഏറ്റവും വലിയ കാർഗോ ടെർമിനൽ** നിലവിൽ വരുന്നത്: **ബംഗളൂരു**
- സംസ്ഥാനത്തെ **ആദ്യ മാതൃക പൊതുഇടം ' വി-പാർക്ക്** നിലവിൽ വരുന്നത് – **കൊല്ലം**
- സ്കൂൾ കുട്ടികൾക്ക് അപകട ഇൻഷുറൻസ് നൽകുന്നതിനായി ശിക്ഷ **സഞ്ജീവനി ബീമ യോജന** ആരംഭിച്ച സംസ്ഥാനം: **രാജസ്ഥാൻ**
- ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ **(ഐഒസി) ബോർഡിൽ ഡയറക്ടർ** (പ്ലാനിംഗ് & ബിസിനസ് ഡെവലപ്മെന്റ്) ആയി ആരാണ് ചുമതലയേറ്റത്: **സുമൻ കുമാർ**
- അടുത്തിടെ '**ന്യോകം യുലോ ഉത്സവ്**' ആഘോഷിച്ച സംസ്ഥാനം: **അരുണാചൽ പ്രദേശ്**

- **2024-25** സാമ്പത്തിക വർഷത്തിലെ മൂന്നാം **പാദത്തിൽ (Q3) ഇന്ത്യയുടെ സാമ്പത്തിക വളർച്ച: 6.2%**

- 2025 ലെ മൂന്നാമത്തെ **SABA വനിതാ ബാസ്കറ്റ്ബോൾ ചാമ്പ്യൻഷിപ്പ് കിരീടം** നേടിയ രാജ്യം – **ഇന്ത്യ**

- **പൊതുജനാരോഗ്യ സംരക്ഷണത്തെക്കുറിച്ചുള്ള ഒമ്പതാമത് ദേശീയ ഉച്ചകോടി** എവിടെയാണ് നടന്നത്: **ഒഡീഷ**

- **ലോക കടൽപ്പുല്ല് ദിനം - മാർച്ച് 1**

- പത്താമത് **ഇന്ത്യ ഇന്റർനാഷണൽ ഡാൻസ് ആൻഡ് മ്യൂസിക് ഫെസ്റ്റിവൽ വേദി: ന്യൂഡൽഹി**

- **2025-ലെ സരസ് ആജീവിക മേളയ്ക്ക് ആതിഥേയത്വം വഹിക്കുന്ന നഗരം: നോയിഡ**

- **മഹാരാഷ്ട്രയിലെ മഹാബലേശ്വർ കുന്നിൻപ്രദേശത്ത് കണ്ടെത്തിയ പുതിയൊരു തദ്ദേശീയ തവള ഇനം - ' മിനർവാര്യ ഘടിബോറിയലിസ്'**

- **അടുത്തിടെ ആന്തോറിയം പൂക്കൾ ഔദ്യോഗികമായി സിംഗപ്പൂരിലേക്ക് കയറ്റുമതി ചെയ്ത സംസ്ഥാനം: മിസോറാം**

- **ലോക വന്യജീവി ദിനം - മാർച്ച് 3**
    - **THEME 2025 : "Wildlife Conservation Finance: Investing in People and Planet"**

- **97-മത് ഓസ്കർ അവാർഡുകൾ പ്രഖ്യാപിച്ചു**
    - **മികച്ച ചിത്രം - അനോറ**
    - **മികച്ച സംവിധായകൻ - ഷോൺ ബേക്കർ (അനോറ)**
    - **മികച്ച നടൻ - അഡ്രിയൻ ബ്രോഡി (ദി ബ്രൂട്ടലിസ്റ്)**
    - **മികച്ച നടി- മൈക്കി മാഡിസൻ (അനോറ)**
    - **മികച്ച സഹനടൻ - കീറൻ കൈൽ കുൽകിൻ ( എ റിയൽ പെയിൻ)**
    - **മികച്ച സഹനടി - സോ സാൽഡാന( എമിലിയ പെരേസ്**

- **ചന്ദ്രനിൽ സുരക്ഷിതമായി ഇറങ്ങുന്ന രണ്ടാമത്തെ സ്വകാര്യ ലാൻഡറും ലാൻഡിങ് സമ്പൂർണ്ണ വിജയമാക്കുന്ന ആദ്യത്തെ സ്വകാര്യ ലാൻഡറും - ബ്ലൂ ഗോസ്റ്റ്**

- ചന്ദ്രനിൽ ഇറക്കിയ ആദ്യ സ്വകാര്യ ലാൻഡർ: ഒഡീസിയസ്

★ **അടുത്തിടെ പുറത്തിറങ്ങിയ കൈലാഷ് സത്യാർത്ഥിയുടെ ആത്മകഥ: ദിയാസലൈ**

★ **സംസ്ഥാനത്ത് ഹയർസെക്കൻഡറി വിദ്യാർഥിനികൾക്ക് ഗർഭാശയ ഗളാർബുദത്തിന് എതിരായ സൗജന്യമായി നൽകുന്ന വാക്സിൻ: എച്ച്പിവി വാക്സിൻ**

★ **സംസ്ഥാനത്തെ ആദ്യ എഐ ലേർണിംഗ് പ്ലാറ്റ്ഫോം - സുപലേൺ**

★ **കുട്ടികളുടെ നഗ്നദൃശ്യങ്ങൾ ഇന്റർനെറ്റിൽ തിരയുകയും ശേഖരിക്കുകയും കൈമാറ്റം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ പൊലീസ് നടത്തുന്ന ഓപ്പറേഷൻ: ഓപ്പറേഷൻ പി-ഹണ്ട്**

★ **കുട്ടികളിലെ ഡിജിറ്റൽ ആസക്തി മാറ്റാനും സുരക്ഷിത ഇൻറർനെറ്റ് ഉപയോഗം പഠിപ്പിക്കാനുമുള്ള** കേരള പൊലീസിന്റെ **പദ്ധതി**: **ഡി ഡാഡ് പദ്ധതി**

★ സർക്കാർ,സ്വകാര്യ മേഖലയിലെ സാന്ത്വന പരിചരണ സ്ഥാപനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യവകുപ്പ് നടപ്പാക്കുന്ന '**പാലിയേറ്റീവ് കെയർ ഗ്രിഡ്: കേരള കെയർ**

★ **സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്ക് മാസം 2500 രൂപ** നൽകുമെന്ന വാഗ്ദാനം മാർച്ച് 8ന് അന്താരാഷ്ട്ര വനിതാ ദിനം മുതൽ നടപ്പാക്കാൻ തീരുമാനിച്ചത്: **ഡൽഹി സർക്കാർ**

★ **ബംഗ്ലാദേശിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ** അടുത്തിടെ രൂപീകരിച്ച പുതിയ **രാഷ്ട്രീയ പാർട്ടി: ജാതിയ നാഗരിക് പാർട്ടി**

★ കൺട്രോളർ ജനറൽ ഓഫ് ഡിഫൻസ് അക്കൗണ്ട്സ് (**സിജിഡിഎ**) ആയി അടുത്തിടെ **നിയമിതനായത് - ഡോ. മായങ്ക് ശർമ്മ**

★ അമേരിക്കൻ ബഹിരാകാശ ഏജൻസിയായ **നാസ**യുടെ പുതിയ **സൗരദൗത്യം - പഞ്ച്**
- പൊളാരിമീറ്റർ ടു യൂനിഫൈ ദി കൊറോണ ആൻഡ് ഹീലിയോസ്ഫിയർ എന്നതിന്റെ ചുരുക്കരൂപമാണ് പഞ്ച്.

★ **ഫെഡറൽ ബാങ്കിന്റെ ബ്രാൻഡ് അംബാസഡർ**: വിദ്യ ബാലൻ

- അടുത്തിടെ വിരമിച്ച ഇന്ത്യൻ **ടേബിൾ ടെന്നീസ് താരം: അജന്ത ശരത് കമൽ**

- **രാജ്യത്തെ ആദ്യ വനിതാ നിയമ സെക്രട്ടറി: ഡോ.അഞ്ജു രതി റാണ**

- **ആർബിഐ എക്സിക്യൂട്ടീവ് ഡയറക്ടറായി** നിയമിതനായത്: **അജിത് രത്നാകർ ജോഷി**

- **2023-24 സമുദ്രമത്സ്യ ഉൽപാദനത്തിൽ കേരളത്തിന്റെ സ്ഥാനം - മൂന്നാം സ്ഥാനം**
  - 1- തമിഴ്നാട്
  - 2- കർണാടക
- **ആരോഗ്യപ്രവർത്തകരെ സഹായിക്കുവാനായി മൈക്രോസോഫ്റ്റ്** പുറത്തിറക്കിയ പുതിയ **AI ടൂൾ** - **ഡ്രാഗൺ കോപൈലറ്റ്**

- **ഐ.എസ്.ആർ.ഒ. സയന്റിഫിക് സെക്രട്ടറി**യായി നിയമിതനായത്: **എം.ഗണേഷ് പിള്ള**

- **ഓസ്ട്രേലിയ**യുടെ കിഴക്കൻ തീരത്ത് രൂപം കൊണ്ട **ചുഴലിക്കാറ്റ്** - **ആൽഫ്രഡ്**

- **വിഴിഞ്ഞം വഴി**യുള്ള **ആദ്യ ജേഡ് സർവീസ് നടത്തുന്ന കപ്പൽ :** മിയ (മെഡിറ്ററേനിയൻ ഷിപ്പിങ് കമ്പനിയുടെ കപ്പൽ)

- **മൊബൈൽ വേൾഡ് കോൺഗ്രസ് 2025 വേദി**: **സ്പെയിൻ**

- **ടോറസ് കെഇപിഡി-350 മിസൈൽ** വികസിപ്പിച്ചത്: **സ്വീഡൻ, ജർമ്മനി**

- **'ഫിഫ' 2026** ലോകകപ്പിൽ നിന്നും **വിലക്കിയ രാജ്യങ്ങൾ - റഷ്യ, കോംഗോ, പാകിസ്ഥാൻ**

- **ജലം, ശുചിത്വം, ആരോഗ്യം** എന്നീ മേഖലകളിൽ **സഹകരണം** പ്രോത്സാഹിപ്പിക്കുന്നതിനായി **ഇന്ത്യയുമായി** ഒരു **കരാറിൽ** ഒപ്പുവച്ച രാജ്യം : **നേപ്പാൾ**

- **എഐ സോഫ്റ്റ്വെയറുകളെയും മോഡലുകളെയും പരിശീലിപ്പിക്കാനുള്ള ഡേറ്റാ സെറ്റുകൾ ലഭ്യമാക്കുന്ന കേന്ദ്ര പോർട്ടൽ** * **എഐ കോശ്**

- സ്ത്രീകളുടെ സുരക്ഷിതവും ആരോഗ്യകരവുമായ ആർത്തവകാലത്തിനായിയി പൊതുമേഖലാ സ്ഥാപനമായ **എച്ച്.എൽ.എൽ ലൈഫ് കെയർ** ലിമിറ്റഡ് സൗജന്യമായി **മെൻസ്ട്രൽ കപ്പുകൾ വിതരണം** ചെയ്യ പദ്ധതി: **തിങ്കൾ പദ്ധതി**

- ഇന്ത്യയിലെ **ആദ്യത്തെ AI-പവർഡ് സോളാർ നിർമ്മാണ ലൈൻ** ആരംഭിച്ചത് – **ഗുജറാത്ത്**

- 2025 ലെ അന്താരാഷ്ട്ര വനിതാ ദിനത്തിന് മുന്നോടിയായി '**ഇൻഷുറൻസ് ഹീറോസ് കാമ്പെയ്ൻ** ആരംഭിച്ച കമ്പനി - **ഫോൺപേ**

- **അന്താരാഷ്ട്ര വനിതാ ദിനം: മാർച്ച് 08**
  - തീം - " **എല്ലാ സ്ത്രീകൾക്കും പെൺകുട്ടികൾക്കും അവകാശങ്ങൾ, സമത്വം, ശാക്തീകരണം** "

- **ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025 വേദി: ഡൽഹി**

- **കേന്ദ്ര സാഹിത്യ അക്കാദമിയുടെ മികച്ച മലയാള പരിഭാഷ അവാർഡ്** നേടിയത്: **കെ വി കുമാരൻ**
  - കന്നട എഴുത്തുകാരൻ എസ് എൽ ഭൈരപ്പയുടെ **യാനം** എന്ന നോവൽ.

- **സ്ഥിര ശമ്പളം വാങ്ങുന്ന സ്ത്രീകളിൽ ഒന്നാമത്** നിൽക്കുന്ന സംസ്ഥാനം**: കേരളം**

- **ഡോ. മർമോഹൻ സിംഗിന്റെ പേരിൽ പുനർനാമകരണം** ചെയ്യുന്ന **യൂണിവേഴ്സിറ്റി** - **ബാംഗ്ലൂർ യൂണിവേഴ്സിറ്റി**

- **കുട്ടികൾക്ക് പതിവായി വാക്സിനേഷൻ** നൽകുന്നത് മെച്ചപ്പെടുത്തുന്നതിനായി "**റൈസ്**" എന്ന **ആപ്പ്** ആരംഭിച്ചത്: **ഉത്തർപ്രദേശ്**

- **പ്രാഗ് മാസ്റ്റേഴ്സ് 2025** ചെയ്യത് **കിരീടം** നേടിയത് - **അരവിന്ദ് ചിദംബരം**

- **സ്ത്രീ**കളുടെ **സുരക്ഷ**യ്ക്കായി "**പ്രോജക്ട് ഹിഫാസത്** ആരംഭിച്ച സംസ്ഥാനം – **പഞ്ചാബ്**

- **ജസ്റ്റിസ് വി രാമസ്വാമി** അന്തരിച്ചു.
  - **ഇന്ത്യയിൽ ഇംപീച്ച്മെന്റ് നേരിട്ട ആദ്യ ജഡ്ജി**

- സ്വയം സഹായ ഗ്രൂപ്പുകളിലൂടെ **(SHGs)** ഗ്രാമീണ സ്ത്രീകളെ ശാക്തീകരിക്കുന്ന സംരംഭം – **Lakpadididi**

- **KSRTC യുടെ പുതിയ ടോൾഫ്രീ നമ്പർ 149**

- **കാനഡയുടെ പുതിയ പ്രധാനമന്ത്രി - മാർക്ക് കാർണി**

- **രാജ്യത്തെ 58 മത് കടുവ സങ്കേതം: മാധവ് നാഷണൽ പാർക്ക്, മധ്യപ്രദേശ്**

- **ചാംപ്യൻസ് ട്രോഫി**യിൽ **ഇന്ത്യ**യ്ക്ക് മൂന്നാം **കിരീടം**
  - പ്ലെയർ ഓഫ്ദ മാച്ച്: **രോഹിത് ശർമ്മ,**
  - ടൂർണമെന്റിലെ താരം: **രചിൻ രവീന്ദ്ര**

- സംസ്ഥാന ഹരിത കേരളം മിഷന്റെ **ഹരിത വിദ്യാലയ പദവി** ലഭിച്ചത്: **അവനവഞ്ചേരി ഗവ. ഹൈസ്കൂൾ(തിരുവനന്തപുരം)**

- **CISF ദിനം - മാർച്ച് 10**
  - സ്ഥാപിതമായത് - **1969**
  - നിലവിലെ മേധാവി - **രാജ്വീന്തർ സിംഗ് ഭാട്ടി**

- ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക്സ് ആൻഡ് പീസ് അടുത്തിടെ പുറത്തിറക്കിയ 2025 ലെ **ആഗോള ഭീകരവാദ സൂചിക**യിൽ **ഒന്നാമതെത്തി**യ രാജ്യം: **ബുർക്കിന ഫാസോ**

- **കുടുംബ കേന്ദ്രീകൃത പൗര ഡാറ്റാബേസ്** സ്ഥാപിക്കാൻ നിർദ്ദേശിച്ച സംസ്ഥാനം - **അരുണാചൽ പ്രദേശ്**

- **മയക്കുമരുന്നിനെതിരെ എക്സൈസിന്റെ തീവ്രപരിശോധന** - **ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്**

- **സ്വന്തമായി ഉപഗ്രഹമുള്ള രാജ്യത്തെ ആദ്യ സംസ്ഥാന**മാകാൻ തയ്യാറെടുക്കുന്നത് - **അസം**
  - ഉപഗ്രഹം – **അസംസാറ്റ്**

- നദികളുടെയും മറ്റു **ജലാശയങ്ങളുടെയും 500 മീറ്റർ ദൂരപരിധിക്കുള്ളിൽ സോപ്പുകളും ഡിറ്റർജന്റുകളും ഷാംപൂകളും വിൽക്കുന്നതു നിരോധിച്ചത്**: **കർണാടക സർക്കാർ**

- ലോകത്ത് 2020-24 കാലയളവിൽ **ഏറ്റവും കൂടുതൽ ആയുധ ഇറക്കുമതി** നടത്തിയ രാജ്യങ്ങളുടെ പട്ടികയിൽ **ഇന്ത്യ**യുടെ **സ്ഥാനം രണ്ടാമത്**
  ഒന്നാമത്: **ഉക്രൈൻ**

- ഗോൾഡ് ലോൺ ഉപഭോക്താക്കൾക്ക് എടിഎം വഴി അതിവേഗം നേടാനായി കൃത്രിമബുദ്ധി **(എഐ) അധിഷ്ഠിതമായ ഗോൾഡ് ലോൺ എടിഎം അവതരിപ്പിച്ച ബാങ്ക്: സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ**
  - തെലങ്കാനയിൽ **വാറങ്കലിലാണ് ആദ്യ ഗോൾഡ് ലോൺ എടിഎമ്മി**ന്റെ ഉദ്ഘാടനം

- **2025 ലെ പ്രിറ്റ്സ്കർ ആർക്കിടെക്ചർ സമ്മാനം** നേടിയത്: **ലിയു ജിയാഖുൻ** (ചൈന)

- സംസ്ഥാനത്ത് **ഏറ്റവും കൂടുതൽ സ്ത്രീകളെ അർബുദ നിർണയ പരിശോധനയ്ക്ക് വിധേയമാക്കിയ** ജില്ല: - **കൊല്ലം**

- തണ്ണീർത്തട സംരക്ഷണവുമായി ബന്ധപ്പെട്ടു **റംസാർ അവാർഡ് നേടിയ ആദ്യ ഇന്ത്യൻ : ജയശ്രീ വെങ്കടെശ്വരൻ**
  - ചെന്നൈ എർത്ത് കെയർ ട്രസ്റ്റ് സഹസ്ഥാപക

- രാജ്യത്ത് **സ്റ്റാർലിങ്കിന്റെ ഉപഗ്രഹ ഇന്റർനെറ്റ് സേവനങ്ങൾ** നടപ്പാക്കുന്നത്: **എയർടെൽ**

- 2024 ലെ **വേൾഡ് എയർ ക്വാളിറ്റി റിപ്പോർട്ട്** പ്രകാരം, **മലിനീകരണതോത് കൂടുതൽ ഉള്ള രാജ്യ**ങ്ങളിൽ **ഇന്ത്യ**യുടെ **സ്ഥാനം: അഞ്ച്**
  - ലോകത്തിലെ **മലിനമായ നഗരങ്ങളുടെ പട്ടികയിൽ ഒന്നാമത് - ബെർണിഹത് (അസം)**
  - ലോകത്തിലെ **ഏറ്റവും മലിനമായ തലസ്ഥാന നഗരം - ഡൽഹി**

- **ഇന്ത്യയിലെ ഏറ്റവും സമ്പന്ന വനിത**: **റോഷ്നി നാടാർ മൽഹോത്ര**

- **ദേശീയ പുകവലി വിരുദ്ധ ദിനം - മാർച്ച് 12**
  - 2025 ലെ പ്രമേയം- "**ഉപേക്ഷിക്കൂ... വിജയിക്കൂ....**"

- **ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ 2025** ലോക്സഭയിൽ അവതരിപ്പിച്ചത്: കേന്ദ്ര ആഭ്യന്തര സഹമന്ത്രി **നിത്യാനന്ദറായി**

- **ലോക വൃക്ക ദിനം- മാർച്ച് 13**
  - 2025ലെ പ്രമേയം - **"Are Your Kidneys OK? Detect early, protect kidney health"**

- കേരളത്തിൽ **പ്രാചീനകാലത്തുള്ള മനുഷ്യവാസയിടം** ആദ്യമായി കണ്ടെത്തിയത് - **ആനപ്പാറ (കട്ടപ്പന,ഇടുക്കി)**

- സംസ്ഥാനത്തെ **ആദ്യ ബുക്ക് വെൻഡിങ് മെഷീൻ** സ്ഥാപിച്ചത് - **കൈരളി തിയേറ്റർ (തിരുവനന്തപുരം)**

- മൗറീഷ്യസിന്റെ പരമോന്നത ബഹുമതി **ദി ഗ്രാൻഡ് കമാൻഡർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ആൻഡ് കീ ഓഫ് ദി ഇന്ത്യൻ ഓഷ്യൻ അവാർഡ്** ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരൻ: **നരേന്ദ്ര മോദി**

- **ഓസ്ട്രേലിയ**യിലെ **നാഷണൽ ഇന്ത്യൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച ഡോക്യുമെന്ററി**യായി തിരഞ്ഞെടുത്തത് - "**ദി മാൻ ഹു ഹേൾസ് ന്യൂസ്**" (പത്ര വിതരണക്കാരൻ റപ്പായിയുടെ ജീവിതം)

- പാക്കിസ്ഥാനിൽ ബലൂച് വിമതർ റാഞ്ചിയ ട്രെയ്ൻ - **ജാഫർ ട്രെയിൻ**

- **മുഖ്യമന്ത്രി ബാലികാ സമൃദ്ധി യോജന, മുഖ്യമന്ത്രി കന്യാ ആത്മനിർഭർ യോജന** എന്നീ പദ്ധതികൾ ആരംഭിച്ച സംസ്ഥാന സർക്കാർ: **ത്രിപുര**

- **പാമ്പുകളെ സുരക്ഷിതമായി വനമേഖലയിലെത്തിക്കാൻ** വനംവകുപ്പ് ആവിഷ്കരിച്ച **മൊബൈൽ അപ്ലിക്കേഷൻ**: **SARPA (Snake Awareness, Rescue and Protection)**

- സംസ്ഥാന ബജറ്റിൽ നിന്നും **രൂപയുടെ ചിഹ്നം നീക്കം ചെയ്ത സംസ്ഥാനം : തമിഴ്നാട്**

- രാജ്യത്ത് **ആദ്യമായി ലഹരിവേട്ടയ്ക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്** (നിർമ്മിതബുദ്ധി) സംവിധാനം **ഉപയോഗിക്കാൻ തീരുമാനിച്ചത് - കേരളം**
  - വികസിപ്പിക്കുന്നത് - ഡിജിറ്റൽ സർവകലാശാല

- ഇതുവരെ കണ്ടെത്തിയതിൽ **ആധുനിക മനുഷ്യനോട് സാമ്യമുള്ള ഏറ്റവും പഴക്കമുള്ള തലയോട്ടി** ലഭിച്ചത് - **സ്പെയിനിൽ** നിന്നും

- ഗോവ ഗവർണർ **പി.എസ്.ശ്രീധരൻപിള്ള**യുടെ ഇംഗ്ലീഷ് കവിതാ സമാഹാരം: **ഓ മിസോറാം**

- **അന്താരാഷ്ട്ര പൈ ദിനം - മാർച്ച് 14**
- **കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക്** കരുത്തേകാൻ കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന പ്രൊജക്റ്റ് - **K-AgTech ലോഞ്ച്പാഡ്**
- സർക്കാർ കരാറുകളിൽ **4% മുസ്ലിം സംവരണം** നൽകാൻ തീരുമാനിച്ച സംസ്ഥാനം - **കർണാടക**
- **സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും ബഹിരാകാശത്തു നിന്ന് ഭൂമിയിലേക്ക് എത്തിക്കുന്നതിന്റെ** ഭാഗമായുള്ള മിഷൻ: **സ്പേസ് എക്സ്-10**
- **ട്രാൻസ്ജെൻഡേഴ്സിന് സാമൂഹികമായും സാമ്പത്തികമായും മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പാക്കുക** എന്ന ലക്ഷ്യത്തോടെ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി – **അനന്യം**
- **അപൂർവ രോഗ പരിചരണത്തിനായുള്ള കേരള സർക്കാർ പദ്ധതി**: **കെയർ (KARE: Kerala United Against Rare Diseases)**
- **ഏഷ്യയിലെ ഏറ്റവും മികച്ച വിമാനത്താവളമായി** ഏഴാം തവണയും തിരഞ്ഞെടുക്കപ്പെട്ടത് - **ഡൽഹി വിമാനത്താവളം**
- **വേൾഡ് പാരാ അത്‌ലറ്റിക്സ് ഗ്രാൻഡ് പ്രിക്സ് 2025**-ൽ മെഡൽ പട്ടികയിൽ **ഒന്നാമതെത്തി**യത് : **ഇന്ത്യ**
- എല്ലാ കാലാവസ്ഥയിലും ഉയർന്ന കൃത്യതയോടെ ഭൂമിയുടെ ചിത്രങ്ങൾ പകർത്താൻ ശേഷിയുള്ള ഉപഗ്രഹം **ഇത്തിഹാദ് സാറ്റ്** വിജയകരമായി വിക്ഷേപിച്ചത്**: യു.എ.ഇ**
- **WPL 2025 കീരിടം** നേടിയത് **: മുംബൈ ഇന്ത്യൻസ്**
  - ഫൈനലിലെ പ്ലേയർ ഓഫ് ദി മാച്ച്: **ഹർമൻ പ്രീത് കൗർ (MI)**
  - മൂല്യമേറിയ താരം: **നതാലി സ്കവർ ബ്രൂനറ്റ് ( MI)**
  - ഓറഞ്ച് ക്യാപ്: **നതാലി സ്കവർ ബ്രൂനറ്റ് ( MI)**
  - പർപ്പിൾ ക്യാപ്: **അമേലിയ കീർ ( MI)**
  - എമർജിംഗ് പ്ലേയർ: **അമൻജോത് കൗർ (MI)**
- **2025-ലെ തകഴി സാഹിത്യ പുരസ്കാരം ലഭിച്ചത് - കെ പി സുധീര**

- അടുത്തിടെ ആദ്യമായി **പച്ച പപ്പായ ബ്രിട്ടനിലേക്ക്** (ലണ്ടൻ)**കയറ്റുമതി** ചെയ്ത സംസ്ഥാനം: **ഒഡീഷ**

- ഫെബ്രുവരിയിലെ കണക്ക് **പ്രകാരം ഏറ്റവും ഉയർന്ന റീട്ടെയിൽ പണപ്പെരുപ്പ നിരക്കുള്ള സംസ്ഥാനം - കേരളം (7.3)**
  - ഏറ്റവും കുറവ് - **തെലുങ്കാന (13)**

- **ഗ്രീസിന്റെ പുതിയ പ്രസിഡന്റായി** തിരഞ്ഞെടുത്തത് - **കോൺസ്റ്റന്റിൻ ടാസുലസ്**
- **ലോക ഉപഭോക്തൃ അവകാശ ദിനം - മാർച്ച് 15**
  - പ്രമേയം - ' **സുസ്ഥിര ജീവിതശൈലിയിലേക്കുള്ള ഒരു നീതിയുക്തമായ മാറ്റം**'

- വർധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരേ **ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ലഹരിവിരുദ്ധ കാമ്പയിൻ** - **ലൈഫ് ഈസ് ബ്യൂട്ടിഫുൾ**

- ഇന്ത്യയിലെ **ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവീസ്** ആരംഭിക്കുന്നത് - **ജിന്ദ്-സോണിപത് (ഹരിയാന)**

- **2025 ഇന്റർനാഷണൽ മാസ്റ്റേഴ്സ് ലീഗ് T20-യിൽ കിരീടം** നേടിയത്: **ഇന്ത്യ** മാസ്റ്റേഴ്സ്

- ആലപ്പുഴ മങ്കൊമ്പിലെ നെല്ല് വിത്ത് ഗവേഷണ കേന്ദ്രത്തിൽ വികസിപ്പിച്ചെടുത്ത **അത്യുല്പാദന ശേഷിയുള്ള നെല്ലിനങ്ങൾ**: **പുണ്യ, ആദ്യ**

- **ഫോർമുല വൺ ഓസ്ട്രേലിയൻ ഗ്രാൻ പ്രീ, 2025 ചാമ്പ്യൻ** - **ലാൻഡോ നോറിസ്**

- 2025 മാർച്ചിൽ അന്തരിച്ച **ഒഡിയ കവിയും ഒഡീഷ മുൻ ചീഫ് സെക്രട്ടറിയും കേന്ദ്ര സാഹിത്യ അക്കാദമി മുൻ അധ്യക്ഷനുമായ** വ്യക്തി: **രമാകാന്ത രഥ്**

- 2025-ലെ 10-മത് **റെയ്സിന ഡയലോഗ് ഉച്ചകോടി**ക്ക് **വേദി - ന്യൂഡൽഹി**

- **ലഹരിക്കെതിരെ പ്രതിരോധം** തീർക്കാൻ അധ്യാപക സംഘടനയായ കേരള സ്റ്റേറ്റ് ടീച്ചേഴ്സ് അസോസിയേഷൻ **(KSTA) നടത്തുന്ന യജ്ഞം**: **ടീച്ചേഴ്സ് ബ്രിഗേഡ്**

- **GEMMA-3 AI** മോഡൽ പുറത്തിറക്കിയത്: **ഗൂഗിൾ**

- **ആസിയാൻ ഭീകരവിരുദ്ധ സമ്മേളനം 2025, വേദി: ഇന്ത്യ**

- **കെട്ടിടങ്ങളിൽ കൂൾ റൂഫ് സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിച്ച്** ഉള്ളിലെ ചൂട് കുറയ്ക്കുകയും ഫാനുകളുടെയും എയർ കണ്ടീഷണറുകളുടെയും ഉപയോഗം കുറയ്ക്കുന്നതിനുള്ള പദ്ധതി: **കുളിർമ പദ്ധതി**

- മലയാള ചലച്ചിത്ര ഗാനരചയിതാവ് **മങ്കൊമ്പ് ഗോപാലകൃഷ്ണൻ** അന്തരിച്ചു.
  - ഗാനരചയിതാവായി വെള്ളിത്തിരയിൽ എത്തി
  - ഇന്ത്യയിൽ ഏറ്റവും കൂടുതൽ ചിത്രങ്ങൾ മലയാളത്തിലേക്ക് മൊഴിമാറ്റി

- **നോർവേ**യുടെ ഉന്നത ബഹുമതിയായ **ഹോൾബർഗ് സമ്മാനം** ലഭിച്ചത്: **ഗായത്രി ചക്രവർത്തി സ്പിവാക്ക്**

- **ചന്ദ്രയാൻ-5** ദൗത്യത്തിന് ഇന്ത്യയുമായി **സഹകരിക്കുന്ന രാജ്യം: ജപ്പാൻ**

- അടുത്തിടെ ഇന്ത്യാ സന്ദർശനത്തിനെത്തിയ **ന്യൂസിലാൻഡ് പ്രധാനമന്ത്രി: ക്രിസ്റ്റഫർ ലക്സൺ**

- യുകെയിലെ ലണ്ടനിൽ സെൻട്രൽ ബാങ്കിംഗ് നൽകുന്ന 2025ലെ **ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ്** നേടിയത്: **RBI**

- **സ്പെഷ്യൽ ഒളിമ്പിക്സ് വേൾഡ് വിന്റർ ഗെയിംസ് 2025**
  - വേദി: **ടൂറിങ്, ഇറ്റലി**
  - **ഇന്ത്യ** നേടിയ മെഡലുകൾ: **33 ( 8 സ്വർണ്ണം, 18 വെള്ളി, 7 വെങ്കലം)**

- **ഇന്റലിന്റെ പുതിയ CEO** ആയി നിയമിതനായത് - **ലിപ്-ബു ടാനെ**

- **ലോക അങ്ങാടി കുരുവി ദിനം: മാർച്ച് 20**

- സ്വകാര്യ ഡേ കെയറുകൾക്ക് തുല്യമായ രീതിയിൽ **കുഞ്ഞുങ്ങൾക്ക് പകൽ സംരക്ഷണം നൽകുന്ന പദ്ധതി**: **അങ്കണവാടി കം ക്രഷ്**

- **പൂർണമായും** ആർട്ടിഫിഷ്യൽ ഇന്റലിജൻസ് **(എഐ) ഉപയോഗിച്ച് നിർമിച്ച പതിപ്പ്** പുറത്തിറക്കുന്ന **ലോകത്തെ ആദ്യത്തെ ദിനപത്രം**: **ഇൽ ഫോഗ്ലിയോ (ഇറ്റാലിയൻ പത്രം)**

- വിദ്യാഭ്യാസത്തിലും തൊഴിലിലും തദ്ദേശ സ്ഥാപനങ്ങളിലും **OBC. സംവരണം 42%** ആയി ഉയർത്തുന്നതിനുള്ള ബില്ലുകൾ പാസാക്കിയ നിയമസഭ: **തെലങ്കാന**

- **രാജ്യത്തെ ആദ്യ ഹൈപ്പർ ലൂപ്പ് പാത: മുംബൈ - പൂനെ**

- **2025 ലെ കബഡി ലോകകപ്പ് വേദി: ഇംഗ്ലണ്ട്**

- **Five Eyes Alliance** എന്ന രഹസ്യാന്വേഷണ സഖ്യത്തിൽ അംഗമായിട്ടുള്ള രാജ്യങ്ങൾ: **UK, കാനഡ, അമേരിക്ക, ഓസ്ട്രേലിയ, ന്യൂസിലൻഡ്**

- **വേൾഡ് ഹാപ്പിനെസ്സ് ഇൻഡെക്സ് 2025**
  - **ഇന്ത്യ**യുടെ സ്ഥാനം - **118**
  - ഒന്നാമത് - **ഫിൻലൻഡ്**

- **അന്താരാഷ്ട്ര ഒളിമ്പിക്സ് കമ്മിറ്റി അധ്യക്ഷ സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെടുന്ന ആദ്യ വനിത**: **ക്രിസ്റ്റി കവൻട്രി (സിംബാബ്‌വെ)**
  - ഈ സ്ഥാനത്തെത്തുന്ന **ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി**

- **ആന്ധ്രപ്രദേശ് സർക്കാരിന്റെ ബഹിരാകാശ സാങ്കേതിക ഉപദേശകനായി** നിയമിക്കപ്പെട്ട മുൻ ISRO ചെയർമാൻ - **എസ് സോമനാഥ്**

- **ലോക ജല ദിനം - മാർച്ച് 22**
  - 2025 ലെ പ്രമേയം - **ഹിമാനികളുടെ സംരക്ഷണം**

- ബ്രിട്ടീഷ് പുരാവസ്തുഗവേഷകനായ സാർ **ജോൺ മാർഷലിനോടുള്ള ആദരസൂചകമായി** അദ്ദേഹത്തിന്റെ **പൂർണകായ പ്രതിമ** സ്ഥാപിച്ചത് - **തമിഴ്നാട് സർക്കാർ**
  - ചെന്നൈയിലെ **എഗ്ഗ് മോർ ഗവൺമെന്റ് മ്യൂസിയത്തിൽ**

- **സംസ്ഥാന ഉപ ലോകായുക്തമാരായി** ചുമതലയേറ്റത് - **ജസ്റ്റിസ്, വി ഷെർസി, ജസ്റ്റിസ്. അശോക് മേനോൻ**
  - **ലോകായുക്ത - ജസ്റ്റിസ്. എൻ അനിൽകുമാർ**

- **ലോക ഡൗൺ സിൻഡ്രോം ദിനം: മാർച്ച് 21**

- **നിയമസഭയിൽ ആംഗ്യഭാഷ** നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനം: **പഞ്ചാബ്**

- സംസ്ഥാനത്തെ **ആദ്യ ഹരിത റെയിൽവേ സ്റ്റേഷൻ: കണ്ണപുരം (കണ്ണൂർ)**
- **18-മത് IPL ഉദ്ഘാടനമത്സര വേദി**: **ഈഡൻ ഗാർഡൻസ്,കൊൽക്കത്ത**(KKR Vs RCB)
- പാമ്പ് കടിയേറ്റുള്ള മരണം തടയാനായി വനം വകുപ്പ് **ആവിഷ്കരിച്ച സർപ്പ ആപ്പിന്റെ ബ്രാൻഡ് അംബാസഡർ - ടോവിനോ തോമസ്**
- **2025 ലെ മിസ്സ് യൂണിവേഴ്സ് വേദി - തായ്ലൻഡ്**
- **ലൈംഗിക വിദ്യാഭ്യാസം 8 മുതൽ 12 ക്ലാസ് വരെ നിർബന്ധിത പഠന വിഷയമാക്കാൻ** തീരുമാനിച്ച സംസ്ഥാനം: **കർണാടക**
- ഇന്ത്യൻ ഫാസ്റ്റ് ബൗളർ **ജസ്പ്രീത് ബുംറ**യെ ബ്രാൻഡ് അംബാസഡറായി നിയമിച്ച ആഗോള ഫുട്വെയർ ബ്രാൻഡ്: **സ്കെച്ചേഴ്സ്**
- ബെംഗളൂരു ആസ്ഥാനമായുള്ള എഡ്-ടെക് നോൺ പ്രോഫിറ്റ് ഓർഗനൈസേഷനായ **റോക്കറ്റ് ലേണിംഗ്**, **ഇന്ത്യയിൽ 3 മുതൽ 6 വയസ്സുവരെയുള്ള കുട്ടികൾക്കായി** അവതരിപ്പിച്ച **വ്യക്തിഗത** പഠനത്തിനുള്ള **AI ട്യൂട്ടർ: അപ്പു**
- **ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന രാജ്യത്തെ ആദ്യത്തെ ജനറൽ ആശുപത്രി: എറണാകുളം ജനറൽ ആശുപത്രി**
- മലയാളസിനിമയുടെ പിതാവ് എന്നറിയപ്പെടുന്ന **ജെ.സി. ഡാനിയേലിന്റെ വെങ്കല പ്രതിമ** സ്ഥാപിക്കുന്നത്: **തിരുവനന്തപുരം**
- 2024 ലെ **59th ജ്ഞാനപീഠ പുരസ്കാര ജേതാവ്** - **വിനോദ് കുമാർ ശുക്ല**
  - പുരസ്കാരം ലഭിക്കുന്ന **ആദ്യ ഛത്തീസ്ഗഡ് എഴുത്തുകാരൻ**
  - 12-മത്തെ ഹിന്ദി സാഹിത്യകാരൻ
- **ലോക കാലാവസ്ഥ ദിനം: മാർച്ച് 23**
  - 2025 theme: **Closing the early warning gap together**
- **ബസുകൾ, ചരക്കു വാഹനങ്ങൾ എന്നിവയിലെ സുരക്ഷ വർധിപ്പിക്കുന്നതിന്റെ** ഭാഗമായി **കേന്ദ്രസർക്കാർ** പുറത്തിറക്കുന്ന സംവിധാനം: **അഡാസ് (അഡ്വാൻസ്ഡ് ഡ്രൈവർ അസിസ്റ്റൻസ് സിസ്റ്റം)**

- **കേരളതീരത്ത് കണ്ടെത്തിയ പുതിയിനം പവിഴജീവി** - **ഡിപ്ലാൻട്രിയ ഫേവസ്**
- അടുത്തിടെ **LGBTQ+ വിരുദ്ധ നിയമം ഔദ്യോഗികമായി പാസാക്കിയ രാജ്യം : ഹംഗറി**
- IPL 2025, മുംബൈ ഇന്ത്യൻസിനു വേണ്ടി അരങ്ങേറിയ മലയാളി താരം - **വിഷ് പുത്തൂർ (മലപ്പുറം)**
- **ലോക ക്ഷയരോഗ ദിനം: മാർച്ച് 24**
  - 2025 theme - **"Yes! We Can End TB: Commit, Invest, Deliver"**
- **പട്ടികവർഗ ജനവിഭാഗങ്ങൾക്ക് തൊഴിലും ജീവനോപാധിയും** ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതി – **ഗോത്രജീവിക**
- വികാലാംഗ കോളനിയിൽ അഞ്ച് പതിറ്റാണ്ടുകളായി താമസിക്കുന്ന **വികലാംഗ സമൂഹത്തിലെ അംഗങ്ങളുടെ പാർപ്പിടം മെച്ചപ്പെടുത്തുന്ന പദ്ധതി**: **തണൽ**
- സംസ്ഥാനത്ത് **യുജിസി കാറ്റഗറി വൺ ഗ്രേഡ് ലഭിക്കുന്ന ആദ്യ സർവകലാശാല: എംജി സർവകലാശാല**
- **സംസ്ഥാനത്തെ എല്ലാ ക്ഷയരോഗികളെയും ദത്തെടുക്കാൻ തീരുമാനിച്ച സംസ്ഥാന സർക്കാർ: മേഘാലയ**
- **മുഖ്യമന്ത്രി, മന്ത്രിമാർ, എംഎൽഎമാർ എന്നിവരുടെ ശമ്പളം 100% വർദ്ധിപ്പിക്കാൻ അംഗീകാരം** നൽകിയ സംസ്ഥാനം: **കർണാടക**
- **കേന്ദ്ര ധനകാര്യ സെക്രട്ടറി**യായി നിയമിതനായത്: **അജയ് സേത്ത്**
- **വനിതകളുടെ 35 കിലോമീറ്റർ നടത്തത്തിൽ പുതിയ ദേശീയ റെക്കോർഡ്** നേടിയത്: **പ്രിയങ്ക ഗോസ്വാമി**
- **യുഎസ് കോൺഗ്രസിലെത്തിയ റിപ്പബ്ലിക്കൻ പാർട്ടി**യിൽ നിന്നുള്ള **ആദ്യ ആഫ്രോ വംശജ**യായ **മിയ ലവ്** അന്തരിച്ചു.
- **ദക്ഷിണ കൊറിയ**യിലെ **ആക്റ്റിംഗ് പ്രസിഡന്റ് : ഹാൻ ഡക്ക്-സൂവ്**

- **സിലാഹല്ല പമ്പ്ഡ് Hydro-Electric സ്റ്റോറേജ് പ്രൊജക്റ്റ്** നിലവിൽ വരുന്നത്: **തമിഴ്‌നാട്**

- **2025 ലെ വനിതാ കബഡി ലോകകപ്പ് കിരീടം** നേടിയ രാജ്യം: **ഇന്ത്യ**

- **ടുണീഷ്യ**യുടെ പുതിയ **പ്രധാനമന്ത്രി: സാറ സാഫ്രാനി സെൻസി**

- **എക്സർസൈസ് സീ ഡ്രാഗൺ 2025 ആതിഥേയത്വം** വഹിച്ച **രാജ്യം: യാണൈറ്റഡ് സ്റ്റേറ്റ്സ്**
- വിദ്യാർഥികൾക്ക് **നോ ടു ഡ്രഗ്സ് നിർബന്ധമാക്കുന്ന രാജ്യത്തെ ആദ്യത്തെ സർവകലാശാല: കൊച്ചി ജയിൻ യൂണിവേഴ്സിറ്റി**

- **2025 വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പ് വേദി: ഇന്ത്യ**

- പ്രവാസി വനിതകളുടെ ആഗോള ബാങ്കിൽ ബാങ്കിങ് ആവശ്യങ്ങൾ നിറവേറ്റുന്നതിന് **ബോബ് ഗ്ലോബൽ വിമെൻ എൻആർഇ, എൻആർഒ സേവിങ്സ് അക്കൗണ്ടുകൾ** അവതരിപ്പിച്ച ബാങ്ക്: **ബാങ്ക് ഓഫ് ബറോഡ**

- ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ നടത്തിയ ഖനനത്തിൽ **മെഗാലെത്ത് കാലത്തെ മനുഷ്യനിർമ്മിതികൾ കണ്ടെത്തിയത്: മലമ്പുഴ,പാലക്കാട്**

- അടുത്തിടെ,**25,000 വർഷം പഴക്കമുള്ള മാമ്മത്ത് ശേഷിപ്പുകൾ കണ്ടെത്തിയത്:** ഓസ്ട്രിയ

- എംപിമാരുടെയും മുൻ എംപിമാരുടെയും ശമ്പളം, അലവൻസുകൾ, പെൻഷൻ എന്നിവയിൽ കേന്ദ്ര സർക്കാർ വരുത്തിയ വർദ്ധനവ്: **24%**

- കേന്ദ്രത്തിന്റെ **AI അധിഷ്ഠിത വ്യാജ സിം കാർഡ് കണ്ടെത്തൽ ഉപകരണം:** 'അസ്'-**ASTR**

- **തുർക്കി**യിൽ നടന്ന **ലോകകപ്പ് ജിംനാസ്റ്റിക്സിൽ വെങ്കലം നേടിയ ഇന്ത്യൻ വനിത:** പ്രണതി നായിക്

- **പ്രധാനമന്ത്രി**യുടെ പുതിയ **സാമ്പത്തിക ഉപദേഷ്ടാവ്: സഞ്ജയ് കുമാർ മിശ്ര**

- സംസ്ഥാനത്തെ **ആശ്രിത നിയമനത്തിന്റെ പ്രായ പരിധി : 13 വയസ്**

- സംസ്ഥാനത്തെ **ആദ്യ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേയ്ഡ് പാലം** : **തോട്ടപ്പള്ളി നാലുചിറപാലം** (ആലപ്പുഴ)
  - അമ്പലപ്പുഴ-തിരുവല്ല സംസ്ഥാനപാതയെയും NH66 നെയും ബന്ധിപ്പിക്കുന്നു.

- സംസ്ഥാനത്തെ **സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട സമഗ്ര മാർഗ രേഖ: 'കേരള സെക്യൂറൽ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ'**

- **നീതി ആയോഗിന്റെ മുഴുവൻ സമയ അംഗമായി** നിയമിതനായത്: **രാജീവ് ഗൗബ**

- ഏപ്രിലിൽ ഇന്ത്യയുമായി ചേർന്ന് **AIKEYME** എന്ന് പേരിട്ടിരിക്കുന്ന **സമുദ്രാഭ്യാസത്തിന് ആതിഥേയത്വം** വഹിക്കുന്ന **രാജ്യം: ടാൻസാനിയ**

- "**ലിയോ: ദി അൺടോൾഡ് സ്റ്റോറി**" എന്ന പുസ്തകത്തിന്റെ രചയിതാവ്: **പി.എസ്. രാമൻ**

- **ലോക നാടക ദിനം 2025: മാർച്ച് 27**
  - 2025 ലെ പ്രമേയം "**നാടകവും സമാധാന സംസ്കാരവും**"

- **കാലാവസ്ഥാ ബജറ്റ് തയ്യാറാക്കുന്ന കേരളത്തിലെ ആദ്യ നഗരം: തിരുവനന്തപുരം**

- **TEA Export** ൽ **രണ്ടാമത്** നിൽക്കുന്ന രാജ്യം: **ഇന്ത്യ**
  - **ഒന്നാമത് - കെനിയ**

- ലോകത്ത് **ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന രാജ്യം: ഇന്ത്യ**

- **ഖേലോ ഇന്ത്യ പാരാ ഗെയിംസ് 2025 മെഡൽ പട്ടികയിൽ ഒന്നാമതെത്തിയത്**: **ഹരിയാന** 104 ( 34സ്വർണം,39 വെള്ളി,31 വെങ്കലം)
  - കേരളം: 13മത് - 12മെഡൽ (3സ്വർണം,4വെള്ളി,5വെങ്കലം)

- **ലോകത്തിലെ ഏറ്റവും ധനികരായ വനിതകളുടെ പട്ടികയിൽ ആദ്യ പത്തിൽ** ഇടം നേടുന്ന **ആദ്യ ഇന്ത്യൻ വനിത**: **റോഷ്നി നാടാർ**

- **ഊബർ, ഒല മാതൃകയിൽ കേന്ദ്ര സർക്കാർ** അവതരിപ്പിക്കാൻ ഒരുങ്ങുന്ന പുതിയ **ആപ്പ് - സഹ്കർ ടാക്സി**

- പൗരസേവനങ്ങൾക്കായി **സാരഥി** എന്ന **AI ചാറ്റ്ബോട്ട്** അവതരിപ്പിച്ച സംസ്ഥാനം: **ഹരിയാന**
- **രാജ്യത്തെ ആദ്യ ദേശീയ സഹകരണ സർവകലാശാല - ത്രിഭുവൻ സഹകാരി യൂണിവേഴ്സിറ്റി (ഗുജറാത്ത്)**
- **കേരളത്തിലെ തൊഴിലുറപ്പ് വേതനം: 369രൂപ**
  - ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്നത് - **ഹരിയാന (400)**
  - ഏറ്റവും കുറവ് - **അരുണചൽ പ്രദേശ്, നാഗാലാൻഡ് (241)**
- ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ ഹെലികോപ്റ്റർ: **പ്രചൻഡ്**
- ഉത്തരാഖണ്ഡിന് ശേഷം, യുസിസി (**യൂണിഫോം സിവിൽ കോഡ്) നടപ്പിലാക്കുന്ന രണ്ടാമത്തെ സംസ്ഥാനം**: **ഗുജറാത്ത്**
- അടുത്തിടെ **ഫേസ്ബുക്ക് നിരോധിച്ച രാജ്യം: പാപുവ ന്യൂ ഗിനിയ**
- **രോഗങ്ങളുടെ വരവ് മുൻകൂട്ടി അറിയാനുള്ള** ആരോഗ്യവകുപ്പിന്റെ **ഡിജിറ്റൽ സംവിധാനം**: **എപ്പിഫോം**
- **കുത്തിയോട്ടപ്പാട്ടുകളെഴുതി പ്രസിദ്ധീകരിച്ച ആദ്യ വനിത: ഡോ.എൽ.ശ്രീരഞ്ജിനി**
- ആറാമത് **ബിംസ്റ്റെക് ഉച്ചകോടി വേദി: തായ്‌ലൻഡ്**
- 2025 ലെ ഗണിതശാസ്ത്രത്തിനുള്ള **ആബേൽ സമ്മാനം** നേടിയത് - : **മസാക്കി കാശിവാ (ജപ്പാൻ)**
- **അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം - മാർച്ച് 30**
- റിക്ടർ സ്കെയിലിൽ 7.7 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തെത്തുടർന്ന് **മ്യാൻമറിന് സഹായം** നൽകാൻ ഇന്ത്യയുടെ ഓപ്പറേഷൻ - **ഓപ്പറേഷൻ ബ്രഹ്മ**
- ഇന്ത്യൻ സായുധ സേന ത്രിരാഷ്ട്ര സൈനികാഭ്യാസം "**പ്രചന്ദ് പ്രഹാർ**" നടത്തിയത് - **അരുണാചൽ പ്രദേശ്**
- **എൽ ആൻഡ് ടി ഫിനാൻസിന്റെ ബ്രാൻഡ് അംബാസഡർ:** - **ജസ്പ്രീത് ബുംറ**

- ഇന്ത്യയുടെ ലോജിസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ചർ മെച്ചപ്പെടുത്തുന്നതിനായി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന സംരംഭം - **സ്മൈൽ (Strengthening Multimodal and Integrated Logistics Ecosystem)**

- **ഗ്ലോബൽ ആസ്ട്രോമെട്രിക് ഇന്റർഫെറോമീറ്റർ ഫോർ ആസ്ട്രോഫിസിക്സ്** (GAIA) ആരംഭിച്ചത് - **യൂറോപ്യൻ ബഹിരാകാശ ഏജൻസി (ESA)**

- അടുത്തിടെ വിരമിച്ച **ഇന്ത്യൻ ടേബിൾ ടെന്നീസ് താരം - അജന്ത ശരത് കമൽ**

- സെർബിയയിൽ വെച്ച് നടന്ന **ഫിഡെ വേൾഡ് സ്കൂൾ ചെസ്സ് ചാമ്പ്യൻഷിപ്പിൽ റണ്ണറപ്പായ മലയാളി - ദിവി ബിജേഷ്**

- **അങ്ങാടികുരുവികളുടെ സംരക്ഷണാർത്ഥം** നടപ്പിലാക്കി വരുന്ന പദ്ധതി -**കുരുവിക്കൊരു കൂട്**

- **വേഴാമ്പൽ സംരക്ഷണത്തിന് ആനമല കടുവസങ്കേതത്തിൽ മികവിന്റെകേന്ദ്രം** സ്ഥാപിക്കുന്നത് - **തമിഴ്നാട്**

- **വിദേശജോലി** എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ **നോർക്കയുടെ ധനസഹായ പദ്ധതി** - **ശുഭയാത്ര**

- **കാഴ്ചപരിമിതി നേരിടുന്നവർക്ക് വിദ്യാഭ്യാസ പിന്തുണ** ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള സാക്ഷരതാ മിഷൻ പദ്ധതി: **ദീപ്തി ബ്രെയിൽ പദ്ധതി**

- സംസ്ഥാനത്ത് സർക്കാർ മേഖലയിൽ **ആദ്യമായി റോബോട്ടിക് പീഡിയാട്രിക് സർജറി വിജയകരമായി** പൂർത്തിയാക്കിയത് : **തിരുവനന്തപുരം റീജണൽ ക്യാൻസർ സെന്റർ**

- **ഉസ്ബസ്കിസ്ഥാനിൽ** നടന്ന **18മത് താഷ്കന്റ് ഓപ്പൺ ചെസ്സ് കിരീടം** നേടിയത് - **നിഹാൽ സരിൻ**

- **കൃത്യമായി വിള ഡാറ്റ ശേഖരണം** ഉറപ്പാക്കാൻ കേന്ദ്രസർക്കാർ ആരംഭിച്ച സംവിധാനം - **ഡിജിറ്റൽ ക്രോപ്പ് സർവ്വേ**

- **മിയാമി ഓപ്പൺ ടെന്നീസ്** വനിതാ സിംഗിൾസിൽ ചാമ്പ്യനായത് - **അരീന സബലെങ്ക (ബെലാറസ്)**